ദി
# ഡിഫെൻഡർ

Vol. No. 9 Issue No. 17 RNI Reg. No. 68089 / 97 Published From Perumbavoor 2006 SEPTEMBER 1 Price: Rs.100/- P.A.

# ഐ.പി.സിയിൽ അശുദ്ധർ അധികാരം പിടിച്ചടക്കി

കള്ളനാണയങ്ങൾ നല്ല നാണയങ്ങളെ പുറത്താക്കുന്നു എന്നൊരു സിദ്ധാന്തം സാമ്പത്തിക ശാസ്ത്രത്തിലുണ്ട്. ഐ.പി.സി എന്ന പേരിൽ അറിയപ്പെടുന്ന ഇന്ത്യൻ പെന്തക്കോസ്ത് ദൈവസഭയിലും ഇതുതന്നെ നടന്നു. വ്യാജൻമാർ അധികാരം പിടിച്ചെടുത്തു.

ഐ.പി.സിയിലെ പ്രമുഖ ദുർന്നടപ്പുകാരിൽ ഒരാളാണ് ഐ.പി.സിയുടെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന കെ.സി.ജോൺ. സ്വന്തം അമ്മായിയമ്മ ഉൾപ്പെടെ ഇയാൾ വ്യഭിചരിച്ചിട്ടുള്ള സ്ത്രീകളുടെ എണ്ണം ഇയാൾക്കുതന്നെ നിശ്ചയമുണ്ടാകില്ല. അമേരിക്കയിലും ഗൾഫിലും ചുറ്റി സഞ്ചരിച്ച് വ്യഭിചരിക്കുകയും സാധുക്കളെ കബളിപ്പിച്ച് പണം തട്ടുകയുമാണ് കെ.സി. ജോണിന്റെ മുഖ്യ പരിപാടി. ഐ.പി.സിയുടെ പ്രസിഡന്റാകുന്നതോടെ വ്യഭിചരിക്കാനും പണം തട്ടാനുമുള്ള അനന്തമായ സാദ്ധ്യതകളാണ് കെ.സി.ജോണിന് ലഭിക്കുന്നത്.

ജനറൽ സെക്രട്ടറിയായ വൽസൻ ഏബ്രഹാമും ഒന്നാംതരം തട്ടിപ്പുകാരനാണ്. തന്റെ വല്ല്യപ്പൻ സ്ഥാപിച്ചതാണ് ഐ.പി.സി. എന്ന് കള്ളം പറഞ്ഞ് പണം തട്ടുന്ന വീരനാണ് ഇദ്ദേഹം. ഭാരതസുവിശേഷീകരണത്തിനെന്നു പറഞ്ഞ് അനേക കോടി രൂപ ഇയാൾ വിദേശ രാജ്യങ്ങളിൽ നിന്ന് പിരിച്ചെടുത്ത് കീശയിലാക്കുന്നു. ഐ.പി.സിയുടെ ജനറൽ സെക്രട്ടറി ആകുന്നതോടെ പണം തട്ടാനുള്ള അവസരവും വർദ്ധിക്കുന്നു.

വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് നിലവിൽ സ്ഥാനാർത്ഥികളില്ല. ജോ.സെക്രട്ടറി കസേര ആർക്ക് ലഭിക്കുമെന്ന് കണ്ടുതന്നെ അറിയണം.

കേരള സ്റ്റേറ്റിലെ ഭാരവാഹികളും ആത്മീയ വിഷയത്തിൽ പാപ്പരാണ്. കസേരകളി, ധനസമ്പാദനം തുടങ്ങിയവയാണ് ഇവരുടെ പ്രധാന പരിപാടികൾ. തീരുമാനങ്ങൾ എടുക്കാൻ കഴിവുള്ള ആരും നേതൃസ്ഥാനത്തില്ല.

കൗൺസിൽ അംഗങ്ങളാകാൻ അത്യുഗ്രൻ ഉന്തും തള്ളുമായിരുന്നു. കോൺഗ്രസ്സിലെ കടിപിടിപോലും ഇതിന്റെ ഏഴയലത്തു വരികയില്ല. പോസ്റ്ററും ബാനറും കാർഡും പുസ്തകവും കാസറ്റും ഒക്കെയായി ഏവരും അരങ്ങു തകർത്തു. രാഷ്ട്രീയക്കാരേപ്പോലെ വോട്ടുപിടിച്ചു.

ഐ.പി.സിയുടെ ഭരണം എന്നും കെ.ഇ.ഏബ്രഹാമിന്റെ കുടുംബത്തിന് ലഭിക്കണം എന്നാണ് ആ കുടുംബത്തിന്റെ ആഗ്രഹം. ഐ.പി.സി സ്ഥാപിച്ചത് കെ.ഇ.ഏബ്രഹാമാണെന്ന് ഒരു ഐതിഹ്യവും ഇവർ അതിനായി പടച്ചുവിട്ടിട്ടുണ്ട്. കെ.ഇ.ഏബ്രഹാമിനു ശേഷം ടി.എസ്.ഏബ്രഹാം അധികാരത്തിൽ എത്തിയത് ഈ തഴമ്പിന്റെ പുരാണം പറഞ്ഞാണ്. ടി.എസ്.ഏബ്രഹാം വിടവാങ്ങുന്ന ഈ സമയത്ത് പ്രിയ പുത്രനായ വൽസൻ ഏബ്രഹാം അധികാരത്തിലെത്തുന്നതിന്റെ കാരണവും മറ്റൊന്നല്ല. പ്രസിഡന്റ് പദത്തിലേക്കുള്ള ഒരു ചവിട്ടുപടിയാണ് വൽസന് ഇപ്പോൾ ലഭിച്ചിരിക്കുന്ന ജനറൽ സെക്രട്ടറി സ്ഥാനം.

വൽസനും കെ.സി.ജോണും അധികാരത്തിൽ എത്തിയതുകൊണ്ട് ഐ.പി.സി എന്ന സംഘടനയ്ക്കോ ഐ.പി.സിയിലെ പാസ്റ്റർമാർക്കോ സാധാരണക്കാരായ വിശ്വാസികൾക്കോ വിശേഷിച്ച് ഒരു ഗുണവും ഉണ്ടാകുകയില്ല. തങ്ങൾക്കു ലഭിച്ച സ്ഥാനമാനങ്ങൾ, നാളിതുവരെ ചെയ്തു വന്നതുപോലെ, ഇവർ സ്വകാര്യ ലാഭത്തിനായി വിനിയോഗിക്കും.

പ്രസിഡന്റായ കെ.സി. ജോൺ തന്റെ പദവി ദുരുപയോഗം ചെയ്ത് ചവർ ചാനലും സ്വന്തം പോക്കറ്റും വളർത്തും. (എത്ര വളർത്തിയാലും ചവർ പൊട്ടി പാളീസാകുമെന്നത് വേറെ കാര്യം).

ഐ.പി.സിയുടെ ജനറൽ സെക്രട്ടറി എന്ന പദവി ഉപയോഗിച്ച് വൽസൻ സ്വന്തം സംഘടനകളായ ഇന്ത്യാ ഗോസ്പൽ ഔട്ട്റീച്ച്, കെ.ഇ.ഏബ്രഹാം ഫൗണ്ടേഷൻ എന്നിവയുടെ ബാങ്ക് ബാലൻസ് വർദ്ധിപ്പിക്കും. (ഐ.പി.സിക്ക് ചില നക്കാപ്പിച്ചകളൊക്കെ കൊടുത്തെന്നും വരാം).

ഇതര ക്രൈസ്തവ സമുദായങ്ങളിലെ ദുർന്നടപടികളും ദുരുപദേശങ്ങളും കണ്ട് മനസ്സുമടുത്തവർ രൂപം കൊടുത്തതാണ് ഐ.പി.സിയെന്ന സംഘടന. ബൈബിളായിരുന്നു അവരുടെ അവസാന വാക്ക്. പക്ഷേ ഇന്ന് അതല്ല സ്ഥിതി. പണവും സ്വാധീനവുമുള്ളവർക്ക് ഐ.പിസിയിൽ എന്തുമാകാം. സാധാരണക്കാരായ പാസ്റ്റർമാരും വിശ്വാസികളും മിണ്ടാതിരുന്നുകൊള്ളണം. മിണ്ടിയാൽ സഭയിൽനിന്ന് പുറത്താക്കും.

## പുതുപ്പള്ളിയച്ചന് മറുപടിയില്ല

പുതുപ്പള്ളിയച്ചൻ എന്ന പേരിൽ അറിയപ്പെടുന്ന ജോർജ് മാത്യു പുതുപ്പള്ളിക്ക് മറുപടിയില്ല. ഓർത്തഡോക്സ് സഭ വിട്ട് അച്ചൻ പെന്തക്കോസ്തിൽ എത്തിയത് വിശ്വാസത്തിന്റേയോ ആദർശത്തിന്റേയോ പേരിലല്ല എന്ന് ഇതോടെ വ്യക്തമാകുന്നു.

വിവാഹം കഴിക്കാതെ ഓർത്തഡോക്സ് സഭയിൽ പൗരോഹിത്യം ഏറ്റാൽ പിന്നീട് വിവാഹം കഴിക്കാൻ അനുവാദമില്ല. പുതുപ്പള്ളിയച്ചൻ വിവാഹം കഴിക്കാതെ പുരോഹിതനായി. അതുകൊണ്ട് ആജീവനാന്തം അവിവാഹിതനായി കഴിയേണ്ട ആളായിരുന്നു. പക്ഷേ ഡൽഹിയിൽ പുരോഹിതനായിരിക്കുന്ന കാലത്ത് പുതുപ്പള്ളിയച്ചൻ ഒരു സ്ത്രീയുമായി പ്രണയത്തിലായി. അത് വിവാഹത്തിൽ കലാശിച്ചു. അതോടെ ഓർത്തഡോക്സ് സഭയിലെ പൗരോഹിത്യം ഉപേക്ഷിക്കേണ്ടതായി വന്നു. അതു കഴിഞ്ഞ് കുറേക്കാലം അപ്രേം തിരുമേനിയുടെ സഭയിൽ പുരോഹിതനായി കഴിഞ്ഞുകൂടി.

ജീവിക്കാൻ മറ്റൊരു വഴിയും കാണാതെ വലയുന്ന കാലത്താണ് പെന്തക്കോസ്തെന്ന മേച്ചിൽപ്പുറം കണ്ടെത്തിയത്. അങ്ങനെ പെന്തക്കോസ്തിലെത്തി. ഓർത്തഡോക്സ് സഭ വിട്ടുവന്ന പുരോഹിതൻ എന്ന നിലയ്ക്ക് നല്ല സ്വീകരണം ലഭിച്ചു. കൂടുതലൊന്നും ആരും ചോദിച്ചില്ല. അച്ചൻ പറഞ്ഞുമില്ല. ഇതാണ് അച്ചന്റെ യഥാർത്ഥ ചരിത്രം.

## പവ്വർ വിഷൻ ഭാരവാഹി ഗംഗയിൽ മുങ്ങി, കാവിയുടുത്തു

''പിടിച്ചു ഞാൻ അവൻ എന്നെ കെട്ടി'' എന്നു പറഞ്ഞതുപോലെയാണ് പവ്വർ വിഷൻ എന്ന ചവറിന്റെ സ്ഥിതി. ലോകം മുഴുവൻ സുവിശേഷം കൊണ്ട് നിറയ്ക്കുക എന്നതാണ് പവ്വർ വിഷന്റെ ലക്ഷ്യമെന്ന് കെ.സി.ജോണും കൂട്ടരും ആണയിടുന്നു. പക്ഷേ ചവറിന്റെ ഔദ്യോഗിക ഭാരവാഹികളിൽ ഒരാൾ ഈയിടെ ഗംഗയിൽ മുങ്ങി, കാവിയുടുത്തു, രുദ്രാക്ഷവുമിട്ടു. ഡിഫെൻഡർ തമാശ പറയുകയാണെന്നോ അതിശയോക്തി പറയുകയാണെന്നോ കരുതുന്നവർ ശ്രദ്ധിക്കുക: തികഞ്ഞ ഗൗരവത്തോടെയാണ് ഇതു പറയുന്നത്. പവ്വർ വിഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.wordtelecast.comൽ people behind എന്ന ലിങ്കിൽ ഈ മാന്യദേഹത്തിന്റെ പേരും ഔദ്യോഗിക ഭാരവാഹിയെന്ന നിലയിൽ പറയുന്നുണ്ട്.

ഏതു മതത്തിൽ വിശ്വസിക്കാനും ഇന്ത്യൻ പൗരന് സ്വാതന്ത്ര്യമുണ്ട്. പക്ഷേ ഒരു അമ്പലത്തിലെ പൂജാരി ക്രിസ്തുമതമോ ഇസ്ലാംമതമോ സ്വീകരിച്ചശേഷം പൂജാരിയായി തുടരാൻ പാടില്ല. അതുപോലെ നിരീശ്വരവാദി കെട്ടുമെടുത്ത് ശബരിമലയ്ക്കു പോയശേഷം നിരീശ്വരവാദിയാണെന്നു പറഞ്ഞ് നടക്കുകയും ചെയ്യരുത്. സുവിശേഷം പ്രചരിപ്പിക്കുക എന്നത് പ്രഖ്യാപിത ലക്ഷ്യമായി പ്രചരിപ്പിക്കുന്ന പവ്വർ വിഷന്റെ ഔദ്യോഗിക ഭാരവാഹി ഗംഗയിൽ മുങ്ങി കാവി ഉടുത്ത് രുദ്രാക്ഷവുമിട്ട് സുവിശേഷം പ്രചരുപ്പിക്കുന്നത് ശരിയായ നടപടിയല്ല. ഇയാളെ പവ്വർ വിഷനിൽ നിന്ന് പുറത്താക്കണം.

ക്രൈസ്തവ മാദ്ധ്യമ പ്രവർത്തകൻ എന്ന നിലയിൽ ഗൾഫിലും മറ്റ് വിദേശ രാജ്യങ്ങളിലും സഞ്ചരിച്ച് നിരവധി ആളുകളെ കബളിപ്പിച്ച ചരിത്രം ഈ വിദ്വാനുണ്ട്. ഏറെ താമസിയാതെ ഇയാൾ ഒരു ഇംഗ്ലണ്ട് പര്യടനം നടത്താൻ പദ്ധതിയിടുന്നുമുണ്ട്. പവ്വർ വിഷന്റെ ചെയർമാനായ കെ.സി. ജോൺ തന്നെ ഒന്നാംതരം തട്ടിപ്പുകാരനായിരിക്കെ മറ്റു ഭാരവാഹികൾ തട്ടിപ്പു നടത്തുന്നതിൽ അത്ഭുതമില്ല. പക്ഷേ മറ്റൊരു മതം സ്വീകരിച്ച വ്യക്തി ഇനി സുവിശേഷത്തിന്റെ മറവിൽ ഉലകം ചുറ്റുന്നത് തടഞ്ഞേ മതിയാകൂ. (ആവശ്യമെന്നു കണ്ടാൽ കൂടുതൽ വിവരങ്ങൾ വരും ലക്കങ്ങളിൽ പ്രസിദ്ധീകരിക്കുന്നതാണ്).

## ടി.എസ്.ഏബ്രഹാം കടുത്ത നിരാശയിൽ

ടി.എസ്.ഏബ്രഹാം ഈയിടെയായി കടുത്ത നിരാശയിലാണ്. ഐ.പി.സിയിലെ മുടിചൂടാമന്നനായി വിലസിയിരുന്ന ആ നല്ലകാലമെല്ലാം പൊയ്പ്പോകുകയാണ്. ഇനി ഒരിക്കലും ടി.എസ്.ഏബ്രഹാമിന് ഐ.പി.സിയുടെ നേതാവെന്ന നിലയിൽ ഷൈൻ ചെയ്യാൻ പറ്റില്ല.

ജനറൽ സെക്രട്ടറി സ്ഥാനത്ത് പ്രിയസുതൻ എത്തുന്നുണ്ട് എന്നതു ശരിതന്നെ. പക്ഷേ ഉപ്പോളം വരുമോ ഉപ്പിലിട്ടത് എന്നു പറഞ്ഞതുപോലെ നേതൃസ്ഥാനത്ത് സ്വയം ഇരിക്കുന്നതുപോലെയൊക്കുമോ മകൻ ഇരുന്നാൽ. മാത്രമല്ല, മകൻ മിക്ക സമയത്തും വിദേശത്തായിരിക്കും. അതുകൊണ്ട് ഐ.പി.സിയുടെ ഭരണം പ്രസിഡന്റായ കെ.സി. ജോൺ നടത്തും. ടി.എസ്.ഏബ്രഹാം ഒന്നുമല്ലാതാകും.

നേതാവായിരുന്ന കാലത്ത് ടി.എസ്.ഏബ്രഹാമിന് കുശാലായിരുന്നു. മൃഷ്ടാന്നമായി വ്യഭിചരിച്ചു. സഭാസ്വത്തുക്കൾ കൊള്ളയടിച്ചു. എതിർത്തവരെ പുറത്താക്കി. അങ്ങനെ എന്തെല്ലാം. ഇനി ആ നല്ലകാലം ഓർത്ത് നെടുവീർപ്പിടുകയേ നിവർത്തിയുള്ളൂ. ഇതൊക്കെ ഓർത്താണ് ടി.എസ്. ദു:ഖിക്കുന്നത്.

## ഐ.പി.സി. ഇലക്ഷൻ ചെലവ് ഒരുകോടിയെന്ന് ഹാലേലൂയ്യാ

ഐ.പി.സിയുടെ ഇലക്ഷന് കുറഞ്ഞപക്ഷം ഒരുകോടി രൂപയെങ്കിലും ചെലവായിട്ടുണ്ടെന്ന് ഹാലേലൂയ്യാ ദ്വൈവാരിക പറയുന്നു. ഇത്തരം ഒരു നിഗമനത്തിലെത്താൻ കാരണമെന്തെന്നും ഹാലേലൂയ്യാ വ്യക്തമാക്കുന്നുണ്ട്. അതുകൊണ്ട് ഈ കണക്കുകൂട്ടൽ ശരിയാകാം.

പരമ ദരിദ്രരായിരുന്നു ആദ്യകാല പെന്തക്കോസ്തുകാർ. ഇന്നും പെന്തക്കോസ്തുകാരിൽ നല്ലൊരു പങ്ക് ദരിദ്രരാണ്. പക്ഷേ പെന്തക്കോസ്ത് നേതാക്കൻമാർ ഇപ്പോൾ വലിയ പണക്കാരാണ്. സ്വന്തം കാര്യം നേടാനായി എത്ര കോടി രൂപ മുടക്കാനും അവർ തയ്യാർ. അങ്ങനെയാണ് ഒരു കോടിയോളം രൂപ മുടക്കി ഇലക്ഷൻ മാമാങ്കം പൊടിപൊടിച്ചത്.

ഇലക്ഷനുമായി ബന്ധപ്പെട്ട് ഐ.പി.സി എന്ന സംഘടന ഔദ്യോഗികമായിത്തന്നെ ലക്ഷങ്ങൾ ചെലവഴിച്ചു. വോട്ടർ പട്ടിക തയ്യാറാക്കുക, വിജ്ഞാപനം ഇറക്കി എല്ലാ സഭകൾക്കും അയച്ചു കൊടുക്കുക, ബാലറ്റ് പേപ്പർ ഉണ്ടാക്കുക, ഇലക്ഷൻ നടത്തുക തുടങ്ങി ഒട്ടേറെ കാര്യങ്ങൾക്ക് പണം മുടക്കി. ഇവയെല്ലാം ചേർത്താൽ കുറെ ലക്ഷങ്ങൾ വരും.

സ്ഥാനമോഹികളിൽ പലരും വിദേശത്താണ് സ്ഥിരതാമസം. ഇലക്ഷനിൽ പങ്കെടുക്കാൻ അവർ കേരളത്തിൽ എത്തണം. ഒരാൾ അമേരിക്കയിൽ നിന്ന് കേരളത്തിൽ എത്താനും മടങ്ങി പോകാനും മാത്രം ഒരുലക്ഷം രൂപ ചെലവാകും. ഇലക്ഷൻ പ്രചരണത്തിനുള്ള ചെലവ് എക്സ്ട്രാ. ഗൾഫ്, ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് കുമ്പനാട്ടെത്താനും കുറച്ചധികം പണം വേണ്ടിവരും.

ഇലക്ഷൻ പ്രചരണത്തിനായി ഓരോ സ്ഥാനാർത്ഥിയും മുടക്കിയ പണത്തിന് കൃത്യമായ കണക്കില്ല. രാഷ്ട്രീയക്കാരെ വെല്ലുന്ന പ്രചരണമാണ് മിക്കവരും നടത്തിയത്.

എന്തിനായിരുന്നു ഇതെല്ലാം. അധികാരത്തിലെത്താനായിരുന്നു ചിലരുടെ ബദ്ധപ്പാട്. ലഭിച്ച കസേര സംരക്ഷിക്കാനായിരുന്നു മറ്റു ചിലരുടെ നെട്ടോട്ടം. ആത്മീയതയുമായോ ദൈവവുമായോ സുവിശേഷവുമായോ ഇതിനൊന്നും പുലബന്ധം പോലുമില്ല.

Internet: www.tsbalan.com Email: tsbalan@yahoo.com Mobile: 94474 14608. Annual Subscription: Rs. 100/-

ദി ഡിഫെൻഡർ
Vol. No.9 Issue No. 17 2006 September 1

# ലൈംഗീകാതിക്രമങ്ങൾ ഫലപ്രദമായി തടയണം

കേരളത്തിൽ ലൈംഗീകാതിക്രമങ്ങൾ അനുദിനം വർദ്ധിക്കയാണോ? ആണെന്നും അല്ലെന്നും വാദിക്കുന്നവരുണ്ട്. എന്നാൽ ലൈംഗീകാതിക്രമങ്ങളേക്കുറിച്ചുള്ള വാർത്തകൾ അനുദിനം വർദ്ധിക്കുന്നു എന്നത് ഒരു വസ്തുതയാണ്.

സമ്പൂർണ്ണ സാക്ഷരതയുള്ള സംസ്ഥാനമാണ് കേരളം എന്നാണ് പറയപ്പെടുന്നത്. പക്ഷേ വിദ്യാഭ്യാസം ഉണ്ടായതുകൊണ്ട് മനുഷ്യൻ നന്നായേ മതിയാകു എന്നില്ല എന്ന് കേരളജനത തെളിയിക്കുന്നു. കേട്ടാൽ അറയ്ക്കുന്നത്ര ഹീനമായ വൃത്തികേടുകളാണ് വാർത്തകളിൽ നിറഞ്ഞു നിൽക്കുന്നത്. എഴുപത്തഞ്ച് വയസ്സുള്ളയാൾ എട്ടുവയസുകാരിയെ പീഡിപ്പിച്ചു. ഒരാൾ കൂട്ടുകാരന്റെ അമ്മയെ പീഡിപ്പിച്ചു. അഞ്ചാം ക്ലാസ്സുകാരിയെ പീഡിപ്പിച്ച ഏഴാം ക്ലാസ്സുകാരന് കോടതി മൂന്നു വർഷം തടവ് വിധിച്ചു. ഐ.എ.എസ് ഉദ്യോഗസ്ഥയേയും ഐ.എഫ്.എസ് ഉദ്യോഗസ്ഥയേയും പീഡിപ്പിച്ച മന്ത്രിക്ക് കോടതി ശിക്ഷ വിധിച്ചു. വിമാന യാത്രയ്ക്കിടയിൽ മന്ത്രി സഹയാത്രികയെ പീഡിപ്പിക്കാൻ ശ്രമിച്ചു. അങ്ങനെ പോകുന്നൂ വാർത്തകൾ. സാക്ഷര കേരളത്തിലാണ് ഇതൊക്കെ നടക്കുന്നതെന്ന് വിശ്വസിക്കാൻ ബുദ്ധിമുട്ട്.

ഇതിനൊരു മറുവശവുമുണ്ട്. സ്ത്രീപീഡനത്തിന്റെ പേരിൽ നിരപരാധികൾ കഷ്ടത്തിലാകുന്നുമുണ്ട്. പൊള്ളലേറ്റ സ്ത്രീയെ പീഡിപ്പിച്ചെന്ന വാർത്ത ഏറെ കോളിളക്കമുണ്ടാക്കിയിരുന്നു. പ്രതിയായ സുബ്രഹ്മണ്യനെ പോലീസും സഹതടവുകാരും ശരിക്ക് പീഡിപ്പിച്ചു. സുബ്രഹാമണ്യന് ശിക്ഷ വാങ്ങി കൊടുത്തേ അടങ്ങൂ എന്ന വാശിയിൽ ചിലർ മുന്നിട്ടിറങ്ങുകയും ചെയ്തു. അങ്ങനെ പ്രതിക്ക് പരമാവധി ശിക്ഷ കിട്ടി. ശിക്ഷ വാങ്ങി കൊടുത്തവർ ഇപ്പോൾ പറയുന്ന കഥ മറ്റൊന്നാണ്. സുബ്രഹ്മണ്യൻ നിരപരാധിയാണത്രേ. കുറ്റക്കാരൻ ജ്യേഷ്ഠത്തിയുടെ ഭർത്താവാണ്. അതുകൊണ്ട് സുബ്രഹ്മണ്യനെ രക്ഷിക്കാൻ വേണ്ടതെല്ലാം ചെയ്യും. ഇത് കുറെ കടന്നു പോയി എന്നു പറയാതെ വയ്യ.

സ്ത്രീപീഡന പരമ്പരയ്ക്ക് ഒരു അവസാനം ഉണ്ടായേ മതിയാകൂ. അതിന് എന്തു ചെയ്യാൻ കഴിയുമെന്ന് വേണ്ടപ്പെട്ടവർ ഗൗരവമായി ആലോചിക്കണം. പ്രതി എത്ര ഉന്നതനായാലും ശിക്ഷിക്കപ്പെടണം. നിയമത്തിന്റെ പഴുതുകളിലൂടെ രക്ഷപ്പെടാൻ അനുവദിക്കരുത്. അതേസമയം സുബ്രഹ്മണ്യനേപ്പോലുള്ള നിരപരാധികൾ ശിക്ഷിക്കപ്പെടുന്നത് ഒഴിവാക്കാൻ ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കയും വേണം.

## ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ജില്ല തിരിച്ച് കെട്ടുകളാക്കി പെരുമ്പാവൂർ പോസ്റ്റ് ഓഫീസിൽ കൊടുക്കയാണ് ചെയ്യുന്നത്. സീലടിച്ച് അവർ അത് അയക്കയും ചെയ്യുന്നു. ഇവിടെ പത്രം നഷ്ടപ്പെടുന്നില്ല. അതുകൊണ്ട് പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ച് പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ

വിലാസം:
റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ - 683542.

# സത്യം സത്യമായി

"പിള്ളേളരല്ലേ പിണ്ണാക്കല്ലേ, കണ്ടാലിത്തിരി തിന്നാതിരിക്കുമോ" എന്ന് പറഞ്ഞതു പോലെ "മന്ത്രിയല്ലേ, മനുഷ്യനല്ലേ" എന്ന മട്ടിൽ പറയാവുന്ന ഒരു കാര്യം ആകാശത്തു നടന്നു എന്നാണ് കേൾക്കുന്നത്. സംഭവം ശരിയാണെങ്കിൽ മറ്റൊരു പൊല്ലാപ്പിനുള്ള വഹ ഒത്തു എന്നു തീർച്ച. ഒരു മൈത്രിയുമില്ലാതെ ഒട്ടേറെ അപവാദ ശരങ്ങൾ അടുത്ത കാലത്ത് ഏൽക്കേണ്ടിവന്ന മന്ത്രിപുംഗവന് ഇനി മൃഷ്ടാന്നമായി അപവാദം കേൾക്കാം.

താൻ നിരപരാധിയാണെന്ന് മന്ത്രി പി.ജെ.ജോസഫ് ആണയിട്ടു പറയുന്നുണ്ടെങ്കിലും അത് മിക്കവരും വിശ്വസിച്ചിട്ടില്ല. ഒരു കാര്യവുമില്ലാതെ ഇങ്ങനെ ഒരു ആരോപണം ഉണ്ടാകുമോ? ജോസഫിനെ കുരുക്കാൻ പലരും കച്ചകെട്ടി ഇറങ്ങിയിട്ടുണ്ടെന്നത് ശരിതന്നെ. പക്ഷേ എത്ര കച്ചകെട്ടിയാലും ഇങ്ങനെയൊരു നാടകം കളിക്കാൻ പറ്റുമോ? ഏതായാലും പത്രങ്ങൾക്ക് കുശാലായി. തന്ത്രിക്കഥയും ചോറ്റാനിക്കര സംഭവവും പഴഞ്ചരക്കായപ്പോൾ ചൂടുള്ള ഒരു വാർത്ത കിട്ടിയിരിക്കുന്നു. പീഡനത്തിനിരയായെന്നു പറയുന്ന സ്ത്രീ ഒരു അമ്മൂമ്മയാണെന്ന് മുഖ്യമന്ത്രി പറയുന്നു. പക്ഷേ ഈ സ്ത്രീയുടെ ചിത്രം ഒരു തമിഴ് ദിനപ്പത്രത്തിൽ വന്നിരുന്നു. അമ്മൂമ്മയുടെ പഴയകാല ഫോട്ടോയാണോ അത് എന്നു വ്യക്തമല്ല.



അമ്മൂമ്മയോ?

മാണിസാർ ഇടത്തോട്ടു ചായുകയാണോ? പോക്കു കണ്ടിട്ട് അതാണ് തോന്നുന്നത്. കോൺഗ്രസ്സിന്റെ പോര് സഹിക്കാവുന്നതിലും അധികമായിരിക്കുന്നു. രാജ്യസഭാസീറ്റ് കൊടുക്കാമെന്നു പറഞ്ഞ് കളിപ്പിക്കാൻ തുടങ്ങിയിട്ട് കാലം കുറെ ആയി. പാർട്ടിയുടെ ബലം കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കാണിച്ചതുമാണ്. എന്നിട്ടും കോൺഗ്രസ്സ് പഴയപടിതന്നെ. ഇതിൽ ഭേദം ഇടതുപക്ഷം തന്നെ എന്ന് തോന്നിപ്പോയാൽ അത്ഭുതമില്ല. പണ്ട് കൂടെനിന്ന് ചതിച്ചിട്ടു പോയ മാണിയെ ഇടതുപക്ഷം സ്വീകരിക്കുമോ എന്ന കാര്യത്തിലേ സംശയമുള്ളൂ. രാഷ്ട്രീയത്തിൽ സ്ഥിരം ശത്രുക്കളോ മിത്രങ്ങളോ ഇല്ലെന്ന് വിശേഷിച്ചു പറയേണ്ടതില്ല. അതുകൊണ്ട് മാണിസാറും പാർട്ടിയും എൽ.ഡി.എഫിൽ എത്തിയേക്കാം.

പോലീസിനെ നവീകരിക്കാൻ തീരുമാനിച്ചെന്നു കേട്ടു. നല്ലത്. പോലീസിൽ ചേരാനുള്ള യോഗ്യതയിലും മാറ്റം വരുത്തുമത്രേ. അതും കൊള്ളാം. അക്ഷരം കൂട്ടി വായിക്കാൻ പോലും അറിയാത്തവർക്കും പോലീസാകാമായിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇപ്പോൾ പത്താംക്ലാസ്സെങ്കിലും ഇല്ലാതെ പോലീസാകാൻ പറ്റില്ല. ഇത് പ്ലസ് ടൂ എങ്കിലും ആക്കണം. കുറഞ്ഞ യോഗ്യത ബിരുദം ആക്കിയാൽ ഏറെ നന്ന്. ഇപ്പോൾ ബിരുദാനന്തര ബിരുദമുള്ളവർ പോലും പോലീസാകാൻ തയ്യാറായി മുന്നോട്ടു വരുന്നുണ്ട്. ജീവിക്കാൻ വേണ്ടി പോലീസാകാനും തയ്യാർ എന്നതാണ് ഇങ്ങനെയുള്ളവരുടെ തത്ത്വശാസ്ത്രം. വിദ്യാഭ്യാസമുള്ളവർ പോലീസായാൽ വ്യാകരണപ്പിശകില്ലാത്ത പ്രതികൾക്ക് ചീത്ത കേൾക്കാം എന്ന ഗുണവും ഉണ്ട്.

വിഴിഞ്ഞം തുറമുഖത്തിനുവേണ്ടി ഏതു ചെകുത്താനുമായി ചേർന്നും സമരം നടത്തുമെന്ന് ലീഡർജി പറയുന്നു. പക്ഷേ ലീഡറോടൊപ്പം ചേർന്ന് സമരം ചെയ്യാൻ ചെകുത്താൻ പോലും വന്നില്ല. നാടിനെ നന്നാക്കിയേ അടങ്ങൂ എന്ന വാശിയിൽ നടക്കുന്ന ലീഡർജിയോട് ചെകുത്താനുപോലും മനസ്സലിവ് തോന്നാഞ്ഞത് കഷ്ടമായിപ്പോയി. കേരളത്തിലെ രാഷ്ട്രീയപാർട്ടികൾ ഇങ്ങനെ തുടങ്ങിയാൽ ലീഡറേപ്പോലുള്ളവർ എന്തുചെയ്യും?

എല്ലാ മുസ്ലീങ്ങളും തീവ്രവാദികളാണോ? ആണെങ്കിൽ നമ്മുടെ പ്രസിഡന്റ് ഉൾപ്പെടെയുള്ളവരെ തീവ്രവാദികളായി മുദ്ര കുത്തേണ്ടതായി വരും. മുസ്ലീമാണ് എന്ന ഒറ്റക്കാരണത്താൽ ഒരാളെ സംശയിക്കുന്നത് ശരിയല്ല. എല്ലാ മുസ്ലീങ്ങൾക്കും പാകിസ്ഥാനോടാണ് കൂറ് എന്നു പറയുന്നതും ശരിയല്ല. പാകിസ്ഥാനോട് കൂറുള്ള മുസ്ലീങ്ങളും മുസ്ലീം സംഘടനകളും ഉണ്ടാകാം. ഇന്ത്യയെ തകർക്കാൻ ശത്രുക്കൾക്ക് കൂട്ടു നിൽക്കുന്നവർ ഉണ്ടാകാം. തീവ്രവാദികളുടെ ചാരൻമാരായ മുസ്ലീങ്ങളും ഉണ്ടാകാം. പക്ഷേ ഈ രാജ്യത്തെ സ്നേഹിക്കുന്നവരാണ് മുസ്ലീങ്ങളിൽ ഭൂരിപക്ഷവും. അതുകൊണ്ട് എല്ലാ മുസ്ലീങ്ങളേയും സംശയിക്കുന്നതും വേട്ടയാടുന്നതും ഗുണത്തേക്കാളേറെ ദോഷമേ ചെയ്യൂ.

സ്വാശ്രയ പ്രശ്നം അന്തമില്ലാതെ നീണ്ടു പോകുകകയാണ്. ആയിരക്കണക്കിനു വിദ്യാർത്ഥികളുടെ ഭാവി തുലാസിൽ തൂങ്ങുകയും ചെയ്യുന്നു. സുപ്രീം കോടതി വിധി വന്നിട്ടും പ്രശ്നം തീർന്നിട്ടില്ല. മാനേജ്മെന്റുകൾ നടത്തിയ പരീക്ഷ സാധുവല്ലെന്നു വന്നാൽ പ്രശ്നം വീണ്ടും കോടതിയിലെത്തും.

മലയാളത്തിൽ എത്ര ചാനലുണ്ട്. ഇമ്മിണി ഏറെയുണ്ട് എന്നു പറയാനല്ലാതെ കൃത്യമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ഏഷ്യാനെറ്റിന്റെ എ, ബി,സി,ഡി, കൈരളിയുടെ ചാനലുകൾ, ഇന്ത്യാ വിഷൻ, ജീവൻ, സൂര്യയുടെ ചാനലുകൾ, സർക്കാർ വക ചാനൽ, മനോരമയുടെ ചാനൽ, ശാലോം ചാനൽ, ഭാരത് ചാനൽ അങ്ങനെ നീണ്ടു പോകുന്നു ആ ലിസ്റ്റ്. അതിനിടയിലാണ് പരമബോറായ ചവർ ചാനൽ നിലനിൽപ്പിനായി പാടു പെടുന്നത്. ഈ ചാനൽ എത്രപേർ കാണുന്നുണ്ട് എന്ന് കെ.സി.ജോണും കൂട്ടരും ഒന്ന് അന്വേഷിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

എല്ലാവിധ അച്ചടി ജോലികൾക്കും സമീപിക്കുക

പുസ്തകങ്ങൾ, ലഘുലേഖകൾ, ബ്രോഷറുകൾ തുടങ്ങിയവയുടെ ഡി.റ്റി.പി.,
എഡിറ്റിംഗ്, പ്രിന്റിംഗ് തുടങ്ങിയ എല്ലാ ജോലികളും ചെയ്യുന്നതാണ്.
ആത്മീയ ഗ്രന്ഥങ്ങൾക്ക് പ്രത്യേക പരിഗണന.

പെരുമ്പാവൂർ പ്രിന്റേഴ്സ്
ബസ്റ്റ് കോംപ്ലക്സ്
കെ.എസ്.ആർ.ടി.സിക്ക് സമീപം
പെരുമ്പാവൂർ. ഫോൺ : 0484-3232356, 9447414608

# ബ്ലേഡ് പ്രശ്നം: ഗ്ലാഡ്സൺ ജേക്കബ് മറുപടി പറയുന്നു

*(കഴിഞ്ഞ ലക്കം ഡിഫെൻഡറിൽ ''ബ്ലേഡ് പാസ്റ്റർക്കെതിരെ ദലിത് സംഘടനകൾ രംഗത്ത്'' എന്ന തലക്കെട്ടോടെ പ്രസിദ്ധീകരിച്ച വാർത്തയിൽ പരാമർശിക്കുന്ന ഗ്ലാഡ്സൺ ജേക്കബ് ഡിഫെൻഡറിന് അയച്ചുതന്ന കത്ത് താഴെ കൊടുക്കുന്നു).*

2006 ആഗസ്റ്റ് 16 ഇറങ്ങിയ ഡിഫെൻഡറിൽ എന്നേക്കുറിച്ച് ചില കാര്യങ്ങൾ എഴുതിയിരുന്നല്ലോ. അതുമായി ബന്ധപ്പെട്ടാണ് ഈ കത്ത്.

കോട്ടയം ഐ.പി.സി. ഫിലാഡെൽഫിയ സഭയുടെ അംഗമായ ഞാൻ 1986 മുതൽ പെനിയേൽ മാർക്കറ്റിംഗ് കോർപ്പറേഷൻ എന്ന പേരിൽ ഒരു ബിസിനസ്സും ജീജെ കാർട്ടൺസ് എന്ന പേരിൽ മറ്റൊരു ബിസിനസ്സും നടത്തിവരുന്നു. കൂടാതെ, ഫേവറൈറ്റ് കളേഴ്സ് എന്ന പേരിൽ ഒരു ബിസിനസ്സും ഉണ്ട്. പെനിയേൽ ടൂർസ് ആന്റ് ട്രാവൽസ് എന്ന ട്രാവൽ ഏജൻസിയും ഞാൻ നടത്തുന്നതാണ്. 2004 മുതൽ കാരുചിറ ചിറ്റ്സ് ആന്റ് ഫൈനാൻസ് എന്ന സ്ഥാപനവും നടത്താൻ തുടങ്ങി. നിയമപ്രകാരമുള്ള ലൈസൻസ് എടുത്താണ് ഈ ബിസിനസ്സുകളെല്ലാം നടത്തിയത്.

പലരിൽ നിന്നും ഡിപ്പോസിറ്റ് സ്വീകരിച്ചാണ് ഫൈനാൻസ് ബിസിനസ്സ് തുടങ്ങിയത്. ഇങ്ങനെ ലഭിച്ച പണം പലർക്കും കടം കൊടുക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ വർഷം ജനുവരിയിൽ ഞാൻ ഫൈനാൻസ് ബിസിനസ്സ് നിർത്തി. ഇത് നടത്തിക്കൊണ്ടു പോകുവാൻ എനിക്ക് ബുദ്ധിമുട്ടുണ്ടായതുകൊണ്ടാണ് നിർത്തിയത്. ഞാൻ ബിസിനസ്സ് നിർത്തി എന്ന് അറിഞ്ഞതോടെ എന്നോട് കടം വാങ്ങിയ പലരും പണം തിരിച്ചു തരാതായി. ഞാൻ പലരിൽ നിന്നായി ഡിപ്പോസിറ്റായി വാങ്ങിയ പണമാണ് ഇങ്ങനെ കിട്ടാക്കടമായത്. അതു തിരികെ ലഭിച്ചില്ലെങ്കിൽ ഞാൻ വലിയ സാമ്പത്തിക പ്രശ്നത്തിലാകും. അതുകൊണ്ട് പണം തിരികെ തരാതിരുന്നവർക്കെതിരെ ഞാൻ കോട്ടയം സി.ജെ.എം. കോടതിയിൽ കേസ്സുകൾ കൊടുത്തു.

ഏറെ കഴിയും മുൻപേ ബ്ലേഡ് നിർമ്മാർജ്ജന സമിതി എന്ന പേരിൽ ചിലർ എനിക്ക് ഫോൺ ചെയ്യുകയും ഗുണ്ടാപ്പിരിവിന് ശ്രമിക്കുകയും ചെയ്തു. അത് നടക്കാതെ വന്നപ്പോൾ അവർ ജൂലൈ 9-ാം തീയതി ആരാധനാസ്ഥലത്ത് വരുകയും എന്നെ ഭീഷണിപ്പെടുത്തുകയും ചെയ്തു. ഇതിനെതിരെ ഞാൻ പോലീസ് കേസ്സ് കൊടുത്തു. അതോടൊപ്പം ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഹർജി കൊടുത്ത് പോലീസ് സംരക്ഷണം ഉറപ്പാക്കുകയും ചെയ്തു.

എനിക്കെതിരെ പത്രത്തിൽ വാർത്തകൾ വന്നപ്പോൾ ഞാൻ പ്രതികരിച്ചില്ല. അതുകൊണ്ട് കൂടുതൽ വാർത്തകൾ വരുവാൻ ഇടയായി. അതുകൊണ്ട് ഞാൻ പത്രക്കാരെ സമീപിച്ച് വസ്തുതകൾ വ്യക്തമാക്കി.

എനിക്കെതിരെ വ്യാജവാർത്തകൾ പ്രചരിപ്പിക്കുവാൻ ചില പെന്തക്കോസ്ത് സഹോദരങ്ങളും ശ്രമിച്ചതായി ഞാൻ സംശയിക്കുന്നു. എന്നെ തേജോവധം ചെയ്യുകയും സഭയിൽ നിന്ന് പുറത്താക്കുകയുമാണ് ഇവരുടെ ലക്ഷ്യമെന്ന് തോന്നുന്നു. ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നോട്ടീസോ കത്തോ ലഭിച്ചാൽ എന്നെ ബന്ധപ്പെട്ട് വസ്തുതകൾ മനസ്സിലാക്കിയശേഷം മാത്രമേ പ്രസിദ്ധീകരിക്കാവൂ എന്നും അഭ്യർത്ഥിക്കുന്നു.

ഗ്ലാഡ്സൺ ജേക്കബ്, കോട്ടയം.

2006 ആഗസ്റ്റ് 16ന് കോട്ടയത്തുനിന്നും പ്രസിദ്ധീകരിച്ച രാഷ്ട്രദീപികയുടെ എട്ടാം പേജിൽ ഗ്ലാഡ്സൺ ജേക്കബ് പ്രസിദ്ധീകരിച്ച പരസ്യം.

## നോട്ടീസ്

കോട്ടയം കാരുചിറ ചിറ്റ്സ് ആന്റ് ഫൈനാൻസ് സ്ഥാപനത്തിൽ നിന്നും വായ്പയെടുത്ത് കുടിശിക വരുത്തിയ ഇടപാടുകാർക്കെതിരെ ബഹുമാനപ്പെട്ട ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ കേസ്സ് കൊടുത്തിരിക്കുന്നത് പലിശ ഇളവു നൽകി രമ്യമായി പരിഹരിക്കുന്നതിന് കമ്പനി ആഗ്രഹിക്കുന്നതിനാൽ അപ്രകാരം കേസ്സുകൾ നിലനിൽക്കുന്ന മാന്യ കക്ഷികൾ 24-08-2006ന് മുമ്പായി നേരിട്ട് ഓഫീസുമായി ബന്ധപ്പെടുവാൻ മാനേജിംഗ് ഡയറക്ടർ ഗ്ലാഡ്സൺ ജേക്കബ് അറിയിക്കുന്നു.

# പട്ടാളം ജാനകിക്ക് ഫോട്ടോ ഫോബിയ

വെളിച്ചത്തോട് അകാരണമായി ഭീതിയുണ്ടാകുന്നതാണ് ഫോട്ടോ ഫോബിയ. അതുകൊണ്ട് ഈ കഥയിലെ നായികയ്ക്ക് ഫോട്ടോ ഫോബിയ ആണെന്നു പറഞ്ഞാൽ പൂർണ്ണമായി ശരിയല്ല. കാരണം, കഥാനായികയായ പട്ടാളം ജാനകിക്ക് വെളിച്ചത്തോടല്ല ഫോട്ടോ എടുപ്പിനോടാണ് ഭയം. ആരെങ്കിലും ക്യാമറയുമായി നടക്കുന്നതു കണ്ടാൽ ഭയം തുടങ്ങും. ഫ്ളാഷ് മിന്നിയാൽ ഭയന്ന് അലറും. ഫോട്ടോ എടുത്തു എന്നു തോന്നിയാൽ ഭൂലോകം കീഴ്മേൽ മറിക്കും. ഇത്തരം ഒരു സംഭവം ഈയിടെ ഉണ്ടായി. അതു പറയാനാണ് ഇത്രയും മുഖവുര പറഞ്ഞത്.

ഐ.പി.സിയുടെ ഇലക്ഷനിൽ സ്ത്രീകൾക്ക് പങ്കും ഓഹരിയുമില്ല. എങ്കിലും ജാനകിക്ക് ഈ നിയമം ബാധകമല്ല. അതുകൊണ്ട് ശ്രീമതി ജാനകി സഗൗരവം സകലതും നിരീക്ഷിച്ചുകൊണ്ട് പൂരപ്പറമ്പിൽ ചുറ്റിയടിച്ചു. വിനീത വിധേയനായ ശ്രീമാൻ പട്ടാളം വാലുപോലെ പിന്നിലുണ്ട്. പക്ഷേ ഈ നടപ്പ് ഒരു ഫോട്ടോഗ്രാഫർക്ക് അത്ര രസിച്ചില്ല. (അല്ലെങ്കിൽ ഇമ്മിണി നന്നായി രസിച്ചു). ഏതായാലും ഫോട്ടോ ഗ്രാഫർ ഈ അന്നനട ഫിലിമിലാക്കി. അതോടെ ജാനകി ഉറഞ്ഞുതുള്ളി. കൂടെ പട്ടാളവും തുള്ളി. ഫോട്ടോഗ്രാഫറെ പിടികൂടിയെന്നും ഫിലിം റോൾ നശിപ്പിച്ചെന്നുമാണ് കേൾക്കുന്നത്. ഫോട്ടോഗ്രാഫറെ പിടികിട്ടിയില്ലെന്ന് ഈ കഥയ്ക്ക് ഒരു പാഠഭേദവുമുണ്ട്. (ആരാണ് ഈ പട്ടാളം ജാനകി എന്ന് ചോദിക്കുന്ന മണ്ടശ്ശിരോമണികളോട് ഡിഫെൻഡറിന് സഹതാപമേയുള്ളൂ).

# ഏതു കാളയ്ക്കും എത്ര ഉയരത്തിലും എത്താം

ഏതു കാളയ്ക്കും എത്ര ഉയരത്തിലും എത്താം എന്ന കണ്ടുപിടുത്തത്തിന്റെ പേറ്റന്റ് കുറുപ്പുചേട്ടനാണെന്ന് പ്രാരംഭത്തിൽ തന്നെ പറയട്ടെ. പക്ഷേ കുറുപ്പുചേട്ടൻ ഈ സിദ്ധാന്തം മാലോകരെ അറിയിച്ച സമയം അനവർത്ഥമായി എന്നു പറയാതെ വയ്യ.

കെ.സി.ജോൺ ഐ.പി.സിയുടെ പ്രസിഡന്റായെന്നും വൽസൻ ഏബ്രഹാം ജനറൽ സെക്രട്ടറി ആയെന്നും വെണ്ടയ്ക്കാ പരുവത്തിൽ, ഫോട്ടോ സഹിതം, വാർത്ത വായിച്ചവർ തൊട്ടടുത്തുള്ള കാർട്ടൂണും ശ്രദ്ധിച്ചു. അപ്പോഴാണ് മേല്പടിയാൻമാർ ഇത്ര ഇയരത്തിൽ എത്തിയതിന്റെ ശാസ്ത്രീയ വശം പിടി കിട്ടിയത്. ''ഏതു കാളയ്ക്കും എത്ര ഉയരത്തിലും എത്താം''.

കെ.സി.ജോൺ ഒന്നാംതരം ഒരു വിത്തുകാളയാണെന്നും ലോക ജനസംഖ്യയിലുണ്ടായ വർദ്ധനയ്ക്ക് തന്നാലാവുംവിധം സംഭാവന ചെയ്തിട്ടുണ്ടെന്നും പെന്തക്കോസ്തുകാർക്കറിയാം. പക്ഷേ ഇത് ഐ.പി.സിയുടെ രഹസ്യങ്ങളിൽ ഒന്നായാണ് പരിഗണിക്കപ്പെടുന്നത്. അതുകൊണ്ട് ഡിഫെൻഡർ ഒഴികെ ആരും ഈ മാർമ്മിക രഹസ്യം പുറത്തു പറഞ്ഞിരുന്നില്ല. എങ്കിലും കുറുപ്പുചേട്ടൻ സത്യം അറിഞ്ഞിരിക്കുന്നു. എങ്ങനെ? ഒരുപക്ഷേ കുറുപ്പുചേട്ടനും ഡിഫെൻഡർ വായിക്കുന്നുണ്ടാകാം.

മറ്റൊരു കാള വിരമിച്ച ഒഴിവിലാണ് കെ.സി. കാള ഉയരങ്ങൾ കീഴടക്കിയത്. വിരമിച്ച കാളയ്ക്കു പകരം കിടാവ് രംഗത്തുണ്ട്. പക്ഷേ, സ്വഭാവം വച്ച് വിലയിരുത്തിയാൽ ഈ മാന്യദേഹത്തിന് കുറുക്കനോടാണ് സാമ്യം.

# കള്ളൻമാരെ മതിയെങ്കിൽ എന്തുചെയ്യും?

''വിരലൊന്നില്ലെങ്കിലും വീരനല്ലെങ്കിലും ഭർത്താവ് നിങ്ങൾ മതി'' എന്ന് ഒരു സിനിമ പാട്ടുണ്ട്. അതുപോലെ ''കള്ളനാണെങ്കിലും തൊഴിൽ ദുർന്നടപ്പാണെങ്കിലും പ്രസംഗിക്കാൻ നിങ്ങൾ മതി'' എന്നാണ് അമേരിക്കയിലുള്ള ചിലർ സുരേഷിനോടും സാമച്ചനോടും മറ്റും പറയുന്നത്. വ്യഭിചാരികളാണെങ്കിലെന്താ, തട്ടിപ്പുകാരാണെങ്കിലെന്താ, ഇവർക്ക് സ്റ്റേജുകൾ റെഡി.

അമേരിക്കയിലെ ന്യൂജേഴ്സിയിലുള്ള സയോൺ പെന്തെക്കോസ്റ്റൽ ചർച്ച് ഇന്റർനാഷണൽ ആഗസ്റ്റ് 13 മുതൽ സെപ്റ്റംബർ 3 വരെ നടത്തിയ ബ്ലസ്സ് അമേരിക്ക 2006 എന്ന പ്രോഗ്രാമിലെ മുഖ്യ പ്രസംഗകർ സുരേഷ് ബാബു, സാമച്ചൻ, എം.എ.വർഗീസ് എന്നിവരായിരുന്നു. ബലേ ഭേഷ് എന്നല്ലാതെ എന്തു പറയാൻ. ഇത്ര പരമയോഗ്യൻമാരായ മൂന്നുപേരെ ഈ ഭൂമിമലയാളത്തിൽ വേറെ കിട്ടുമോ?

തരം കിട്ടുന്നിടത്തെല്ലാം വ്യഭിചരിക്കുക, പച്ചക്കള്ളം യാതൊരു ശങ്കയുമില്ലാതെ പറയുക, പണം സമ്പാദിക്കാനായി എന്തു തരംതാണ മാർഗ്ഗവും ഉപയോഗിക്കുക തുടങ്ങിയതൊക്കെയാണ് സുരേഷ് ബാബു, സാമച്ചൻ എന്നിവരുടെ മുഖ്യ പരിപാടി. കള്ളപ്രവചനം എക്സ്ട്രാ. എം.എ.വർഗീസ് ദുർന്നടപ്പിനു പോയതായി അറിവില്ല. ബാക്കിയുള്ള കലാപരിപാടികളെല്ലാം കൈയ്യിലുണ്ട്. ഊതി വീഴ്ത്ത്, ഉന്തി വീഴ്ത്ത് തുടങ്ങിയവയാണ് ഇഷ്ട വിനോദങ്ങൾ. ഈ മൂന്നു പേരും ചേർന്ന് അമേരിക്കയെ അനുഗ്രഹിക്കുമത്രേ. നല്ലത്. അങ്ങനെയെങ്കിലും അമേരിക്ക നന്നാകട്ടെ.

ഏതു വിധത്തിലുള്ള അനുഗ്രഹമാണ് ഇവർ അമേരിക്കയിൽ ചൊരിയുക? ഇവരുടെ മുൻകാല ചെയ്തികൾ വെച്ച് ചില ഊഹാപോഹങ്ങളൊക്കെ നടത്താം. സുരേഷും സാമച്ചനും പ്രാർത്ഥിച്ചാൽ സന്താനഭാഗ്യം ഉണ്ടാകും. ചില സ്ത്രീകളുടെ അല്ലറചില്ലറ അസുഖങ്ങൾ മാറിയെന്നും വരാം. എം.എ.വർഗീസ് ഉൾപ്പെടെ എല്ലാവരും വായിൽ തോന്നിയ പേരും രോഗവും വിളിച്ചു പറയും. ആ പേരും രോഗവും ഉള്ളവർ, തികച്ചും യാദൃശ്ചികമായി, അവിടെ ഉണ്ടായെന്നും വരാം. അങ്ങനെയുള്ളവരിൽ ചിലർ രോഗസൗഖ്യമുണ്ടായതായി സാക്ഷ്യവും പറയും. എം.എ.വർഗീസ് ചിലരെയൊക്കെ ഊതിയോ ഉന്തിയോ വീഴ്ത്തിയേക്കാം. ഇതൊക്കെയാണ് സംഭവിക്കാൻ സാദ്ധ്യത. ഇത്രയുമൊക്കെ നടന്നാൽ അമേരിക്ക അനുഗ്രഹിക്കപ്പെടുമെങ്കിൽ ഡിഫെൻഡറിന് സന്തോഷമേയുള്ളൂ.


## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ.

ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക് ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.

ഫോൺ: 0484-3232356, 9447414608

# പിച്ചച്ചട്ടിയിൽ കൈയ്യിട്ടു വാരുന്നവർ

ബാലഭിക്ഷാടനം നിർമ്മാർജ്ജനം ചെയ്യണം എന്ന ലക്ഷ്യത്തോടെ സർക്കാരും ചില സാമൂഹ്യ സംഘടനകളും നടത്തുന്ന പദ്ധതികൾ അഭിനന്ദനീയമാണ്. ജനസേവ ശിശുഭവൻ പോലുള്ള ബാലമന്ദിരങ്ങൾ നൂറുകണക്കിന് കുരുന്നുകൾക്ക് അഭയമേകുന്നു. പ്രശ്നത്തിന്റെ ഗൗരവം സർക്കാരും മനസ്സിലാക്കി എന്നു കാണുന്നതിൽ സന്തോഷമുണ്ട്.

ഭിക്ഷാടകരുടെ, വിശേഷിച്ചും ബാലഭിക്ഷാടകരുടെ, പറുദീസയായി മാറിയിരിക്കയാണ് കേരളം. തമിഴ്നാട്, കർണ്ണാടക, ആന്ധ്രാ പ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്ന് കുട്ടികളെ ഭിക്ഷാടനത്തിനായി കേരളത്തിലേക്ക് ഇറക്കുമതി ചെയ്യുന്നു. ഇവരിൽ നല്ലൊരുപങ്ക് മോഷ്ടിക്കപ്പെട്ട കുട്ടികളാണ്. നിരവധി ഭിക്ഷാടന മാഫിയകൾ ഇതിൻെറ



ഐ.പി.സിയുടെ പുതിയ ജനറൽ സെക്രട്ടറിയായ വൽസൻ ഏബ്രഹാമിന്റെ www.indiago.org എന്ന വെബ്സൈറ്റിൽ (Free gifts for India എന്ന പേജിൽ) കൊടുത്തിരിക്കുന്ന ചിത്രം.

പിന്നിലുണ്ട്. ഓരോ കുട്ടിക്കും അവൻെറ പ്രായം, പ്രാപ്തി തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ ക്വോട്ടാ ഉണ്ട്. ഏതെങ്കിലും കാരണവശാൽ ക്വോട്ട തികയ്ക്കാൻ കഴിയാതെ പോയാൽ കഠിനമായ പീഡകൾ അനുഭവിക്കേണ്ടതായി വരും. അടിക്കുക, മുറിവേല്പിക്കുക, ശരീരം പൊള്ളിക്കുക തുടങ്ങി പീഡകൾ പലവിധത്തിൽ ഉണ്ടാകാം. ഇതിനെതിരേ നിയമനിർമ്മാണം നടത്തണം എന്ന് പലരും അഭിപ്രായപ്പെടുകയുണ്ടായി. എന്നാൽ പുതിയ ഒരു നിയമത്തിൻെറ ആവശ്യം ഈ രംഗത്ത് ഇല്ല എന്നതാണ് വസ്തുത. കാരണം, ആവശ്യത്തിൽ അധികം നിയമങ്ങൾ ഇപ്പോൾത്തന്നെ നിലവിലുണ്ട്. ഏട്ടിലെ പശുവായ ഈ നിയമങ്ങൾ വേണ്ടവിധത്തിൽ നടപ്പിലാക്കിയാൽ മതിയാകും.

ഇന്ത്യൻ ശിക്ഷാ നിയമം: 363-ഏ. ഭിക്ഷ യാചിക്കുന്നതിനുവേണ്ടി കുട്ടികളെ മോഷ്ടിച്ചുകൊണ്ടു പോകുന്നതിനും അംഗഭംഗം ചെയ്യുന്നതിനും എതിരായുള്ള ശക്തമായ ഒരു നിയമമാണ് ഐ.പി.സി.363-ഏ. ഒന്നാം ഉപവകുപ്പനുസരിച്ച് ഭിക്ഷാടനത്തിനായി മൈനറെ മോഷ്ടിക്കയോ കസ്റ്റഡിയിൽ വയ്ക്കുകയോ ചെയ്യുന്ന വ്യക്തിക്ക് പത്തു കൊല്ലത്തോളം തടവും പിഴയും ശിക്ഷ ലഭിക്കും. രണ്ടാം ഉപവകുപ്പ് അനുസരിച്ച് ഭിക്ഷാടനത്തിന് ഉപയോഗിക്കുന്നതിനായി മൈനറെ അംഗഭംഗം ചെയ്യുന്ന വ്യക്തിക്ക് ജീവപര്യന്തം തടവും പിഴയും ശിക്ഷ ലഭിക്കാം.

നാലാം ഉപവകുപ്പ് അനുസരിച്ച് "ഭിക്ഷയാചിക്കൽ" എന്നതിന് പാടുക, ആടുക, ഭാവിഫലം പറയുക, സൂത്രങ്ങൾ കാണിക്കുക തുടങ്ങിയ വിവിധ അർത്ഥങ്ങൾ ഉണ്ട്. ഈ നിയമം അനുസരിച്ച് 16 വയസ്സിൽ താഴെയുള്ള ആൺകുട്ടിയും 18 വയസ്സിൽ താഴെയുള്ള പെൺകുട്ടിയും മൈനറാണ്. ഈ നിയമം ഫലപ്രദമായി ഉപയോഗിച്ചാൽ കുട്ടികളുടെ രക്ഷയ്ക്ക് മറ്റൊരു നിയമം ആവശ്യമില്ല.

തിരുവിതാംകൂർ മഹാരാജാവ് കൊല്ലവർഷം 1120ൽ നടപ്പിലാക്കിയ യാചക നിരോധന നിയമം ഇന്നും കേരളത്തിൽ നിലനിൽക്കുന്നു. തെരുവിലോ ഇതര പൊതുസ്ഥലങ്ങളിലോ ഭിക്ഷ യാചിക്കുന്നതും ഭിക്ഷ ലഭിക്കാനായി ശാരീരിക അവശതകൾ പ്രദർശിപ്പിക്കുന്നതും ഈ നിയമത്തിൻെറ മൂന്നാം അനുച്ഛേദപ്രകാരം കുറ്റകരമാണ്. മൂന്നു മാസം വരെ തടവോ നൂറു രൂപ വരെ പിഴയോശിക്ഷ ലഭിക്കാവുന്ന കുറ്റമാണിത്.

ജൂവനൈൽ ജസ്റ്റീസ് ആക്ടിൻെറ 24-ാം വകുപ്പും കുട്ടികളുടെ രക്ഷയ്ക്ക് എത്തുന്നുണ്ട്. കുട്ടികളെ പീഡിപ്പിക്കുന്നവർക്ക് ഈ വകുപ്പനുസരിച്ച് ഒരുവർഷം വരെ തടവും പിഴയും ലഭിക്കാം. കൂടാതെ, ചിൽഡ്രൺ ആക്ടിൻെറ 42-ാം വകുപ്പും ബാലഭിക്ഷാടനം തടയുന്നുണ്ട്. പക്ഷേ, ഇത്തരം നിയമങ്ങൾ നിലവിലുണ്ടെന്ന വസ്തുതപോലും ഭൂരിപക്ഷം നിയമപാലകർക്കും അറിഞ്ഞുകൂടാ. അതുകൊണ്ട് ഭിക്ഷാടനം പൊടിപൂരമായി നടക്കുന്നു. കുട്ടികളെ ഭിക്ഷാടനത്തിനായി ഉപയോഗിക്കുന്നു. ജനത്തിൻെറ സഹാനുഭൂതി നേടിയെടുക്കാനായി കുട്ടികളെ അംഗഭംഗം ചെയ്യുന്നു.

ഭിക്ഷാടന മാഫിയക്ക് എങ്ങനെ നിയമത്തിൻെറ കണ്ണ് വെട്ടിക്കാൻ കഴിയുന്നു? ഉത്തരം ലളിതം: കണ്ണ് വെട്ടിക്കേണ്ട ആവശ്യം ഇല്ലതന്നെ. ഏത് തെണ്ടിക്കും ഏത് പോലീസ് സ്റ്റേഷനിലും ധൈര്യമായി കയറിച്ചെല്ലാം. ഭിക്ഷയാചിക്കാം. ഒരു വിധത്തിലുള്ള കേസ്സും ഉണ്ടാകില്ല. നമ്മുടെ പോലീസ് ഈ കാര്യത്തിലെങ്കിലും ഡീസന്റാണ്. കുട്ടികളുമായി ഭിക്ഷാടനത്തിനെത്തുന്നവരെ ഈ നിയമപ്രകാരം കസ്റ്റഡിയിൽ എടുത്ത് ചോദ്യം ചെയ്യാൻ പോലീസ് തയ്യാറായാൽ പ്രശ്നം വലിയൊരളവ് പരിഹരിക്കപ്പെടും. ഭിക്ഷയാചിച്ച് നടക്കുന്ന കുട്ടികളെ രക്ഷിക്കാനും പോലീസിന് കഴിയും. അതിനുള്ള നിയമങ്ങൾ ഉണ്ട്. ഈ നിയമങ്ങൾ നടപ്പിലാക്കാനുള്ള മനസ്സാണ് ഇനി ഉണ്ടാകേണ്ടത്.

ഇതുവരെ പറഞ്ഞത് ഭിക്ഷാടന മാഫിയയുടെ കാര്യം. ഇനി പറയാൻ പോകുന്നത് പരിശുദ്ധ പെന്തക്കോസ്ത് തെണ്ടികളുടെ കഥ. ഇന്ത്യൻ പെന്തക്കോസ്തൽ ചർച്ച് ഓഫ് ഗോഡ് എന്ന ഐ.പി.സിയുടെ ജനറൽ സെക്രട്ടറിയായി എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ട വൽസൻ ഏബ്രഹാമെന്ന പരമ വിശുദ്ധന് www.indiago.org എന്നൊരു വെബ്സൈറ്റുണ്ട്. അതിൽ കൊടുത്തിരിക്കുന്ന ഒരു ചിത്രം ഈ ലേഖനത്തോടൊപ്പം കൊടുക്കുന്നു. പരമ ദരിദ്രയും ഉടുതുണിക്ക് മറുതുണി ഇല്ലാത്തതുമായ ഈ സാധു പെൺകുട്ടിയുടെ ചിത്രം സായിപ്പൻമാരെ കാണിച്ച് വൽസൻ എന്ന പരമ നീചൻ പണം പിരിക്കുന്നു. കിട്ടുന്ന പണം സ്വന്തം സംഘടനയുടെ അക്കൗണ്ടിലാക്കുന്നു. ആ പണം കൊടുത്ത് എസ്റ്റേറ്റും മണി മന്ദിരങ്ങളും സമ്പാദിക്കുന്നു. പിച്ചച്ചട്ടിൽ കൈയ്യിട്ടു വാരുന്ന ഇത്തരം നരാധമൻമാരെ തുറുങ്കിലടയ്ക്കാൻ ഈ രാജ്യത്ത് നിയമമില്ല.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** ഡിഫെൻഡർ പ്രവാചകൻമാരെ നിരന്തരം വിമർശിക്കുന്നല്ലോ. എന്താണ് പ്രവാചകൻമാരോട് ഇത്ര വിരോധം? പ്രവചനം എന്ന കൃപാവരം നിന്നു പോയെന്നാണോ പറയുന്നത്?

■ പ്രവചനം എന്ന കൃപാവരം ഒന്നാം നൂറ്റാണ്ടിൽ ഉണ്ടായിരുന്നതുപോലെതന്നെ ഇന്നും നിലനിൽക്കുന്നു എന്നതാണ് ഡിഫെൻഡറിന്റെ നിലപാട്. പ്രവാചകൻമാരോട് ഡിഫെൻഡറിന് ഒരു വിരോധവുമില്ല. പക്ഷേ ഇന്ന് യഥാർത്ഥ പ്രവാചകൻമാരേക്കാൾ അധികം കള്ളപ്രവാചകൻമാരാണുള്ളത്. അവരെ എതിർക്കാതെ പറ്റില്ലല്ലോ. സാമച്ചനേപ്പോലുള്ള കള്ളൻമാർ ചെയ്തുകൂട്ടുന്ന കൊള്ളരുതായ്മകൾ അതീവ ഗൗരവമുള്ളതാണ്.

സാധാരണയായി ഡിഫെൻഡർ കള്ളപ്രവാചകൻമാരേക്കുറിച്ചാണ് എഴുതുന്നത്. അതുകൊണ്ട് ഇത്തവണ ഒരു നല്ല പ്രവാചകനേക്കുറിച്ച് എഴുതാം. കള്ളപ്രവാചകൻമാർക്കുള്ള കുഴപ്പങ്ങൾ എന്തൊക്കെയാണ്?

1\. അവരെ ദൈവം പ്രവാചകരായി നിയമിച്ചിട്ടില്ല. ചിലർ ദുരാത്മ പ്രേരണയാൽ പ്രവചിക്കുന്നു. മറ്റു ചിലർ മനസ്സിൽ തോന്നുന്നത് പ്രവചനമായി പറയുന്നു. ചില പ്രവാചകൻമാർക്ക് ഭ്രാന്താണ്. ബുദ്ധി ഉപയോഗിച്ച് പ്രവചനം നടത്തുന്നവരുമുണ്ട്.

2\. ദ്രവ്യാഗ്രഹം, ദുർന്നടപ്പ്, തട്ടിപ്പ് തുടങ്ങിയവയുടെയൊക്കെ വിളനിലങ്ങളാണ് കള്ളപ്രവാചകൻമാർ. ഇവർ കാര്യസാദ്ധ്യത്തിനായി ഏതു ഹീനകൃത്യവും ചെയ്യും.

ഇതിനൊക്കെ നേരേ വിപരീത സ്വഭാവമുള്ളവരാണ് ദൈവദാസൻമാരായ പ്രവാചകർ. അത്തരത്തിലുള്ള ഒരാളേപ്പറ്റിയാണ് പറഞ്ഞു വരുന്നത്.

ടി.എസ്.ബാലൻ എന്ന ഈയുള്ളവൻ നാഗാലാന്റിലെ ജോലി മതിയാക്കി 1993ൽ കേരളത്തിലെത്തി. ഏതാനും ആഴ്ചകൾ കഴിഞ്ഞ് ആലുവയ്ക്ക് സമീപമുള്ള ഒരു സ്ഥാപനത്തിൽ ബൈബിൾ ക്ലാസ്സ് എടുക്കാൻ പോയി. ഒരു ദിവസം ഉച്ച കഴിഞ്ഞ് വിദ്യാർത്ഥികൾ ഒരിടത്ത് പരസ്യയോഗം നടത്തി. ഞാനും ഒപ്പം ഉണ്ടായിരുന്നു. പരസ്യയോഗം കഴിഞ്ഞപ്പോൾ ഒരു വിശ്വാസി ഞങ്ങളെ അദ്ദേഹത്തിന്റെ വീട്ടിലേക്ക് ക്ഷണിച്ചു. ഞങ്ങൾ ക്ഷണം സ്വീകരിച്ചു. അദ്ദേഹം ഞങ്ങൾക്കായി ചായയും മറ്റും ക്രമീകരിച്ചിരുന്നു. ആ വീട്ടിലിരുന്ന് ചായ കുടിക്കുന്നതിനിടയിൽ ഞാൻ മുകളിലേക്ക് നോക്കി. ഈർക്കിൽ അല്ലാതെ ഒന്നും മുകളിലില്ല. മഴക്കാലം അടുത്തു വരുന്നു. തക്ക സമയത്ത് വീട് മേഞ്ഞില്ലെങ്കിൽ ആ സഹോദരൻ കഷ്ടപ്പെടുമെന്ന് ഉറപ്പ്. മടങ്ങി വരുന്ന വഴിക്ക് അദ്ദേഹത്തേപ്പറ്റി ഞാൻ വിദ്യാർത്ഥികളോട് ചോദിച്ചു. ദൈവാലോചന കൃത്യമായി പറയുന്ന ഒരു പ്രവാചകനാണ് ആ സഹോദരനെന്ന് അവർ പറഞ്ഞു. പണത്തിനു പിന്നാലെ ഓടാത്തതുകൊണ്ട് ഇങ്ങനെ കഴിയുന്നു. ഇത് കേട്ടപ്പോൾ എനിക്ക് വലിയ ദു:ഖമുണ്ടായി. അദ്ദേഹത്തിന് ഒരു വീട് കൊടുത്തേ മതിയാകൂ എന്ന് ഞാൻ കർത്താവിനോട് പ്രാർത്ഥിച്ചു. മൂന്നു മാസത്തോളം ഞാൻ പ്രാർത്ഥന തുടർന്നു. അതു കഴിഞ്ഞ് എന്തുകൊണ്ടോ ആ വിഷയം മറന്നു.

ഒരു വർഷം കഴിഞ്ഞ് ഞാൻ ആ സഹോദരനെ ഒരിടത്തുവെച്ച് കണ്ടു. ‘‘വീടു വെച്ചോ’’ എന്നാണ് ഞാൻ ആദ്യം ചോദിച്ചത്. ‘‘വെച്ചു’’ എന്ന മറുപടിയും കിട്ടി. ഞങ്ങൾക്ക് ചായസൽക്കാരം നടത്തി ഏറെ കഴിയും മുൻപേ ചില ദൈവമക്കളുടെ സഹായത്തോടെ വീടുപണി ആരംഭിച്ചു. മൂന്നു മാസം കൊണ്ട് പണി പൂർത്തിയായി. (മൂന്നു മാസത്തിനുശേഷം ഞാൻ അദ്ദേഹത്തിനുവേണ്ടി പ്രാർഥിക്കാൻ മറന്നതിന്റെ കാരണം അപ്പോഴാണ് എനിക്കു മനസ്സിലായത്).

ഏതാനും മാസം കഴിഞ്ഞ് ഞാൻ അദ്ദേഹത്തെ വീണ്ടും കണ്ടു. അപ്പോഴേക്കും അദ്ദേഹം ഒരു സഭയുടെ പാസ്റ്ററായി കഴിഞ്ഞിരുന്നു. ദൈവം അദ്ദേഹത്തെ ഉയർത്തി. ഇന്ത്യയുടെ പല ഭാഗങ്ങളിൽ മാത്രമല്ല വിവിധ ലോക രാജ്യങ്ങളിലും അദ്ദേഹം ദൈവാലോചന അറിയിക്കാനായി പോയി. ഒരിടത്തും ദൈവത്തിന് ദുഷ്പേരുണ്ടാക്കിയില്ല. ദുർന്നടപ്പ്, ദ്രവ്യാഗ്രഹം, അധികാരമോഹം തുടങ്ങിയതൊന്നും ഈ ദൈവദാസനെ നാളിതുവരെ സ്പർശിച്ചിട്ടേയില്ല.

ഞാൻ കള്ളക്കേസ്സിൽ അകപ്പെട്ട് ജയിലിൽ കിടക്കേണ്ടതായി വരുമെന്നും പെന്തക്കോസ്തുകാർ തന്നെയാകും എനിക്കെതിരെ കേസ്സ് കൊടുക്കുക എന്നും ഒരു പ്രശ്നവുമില്ലാതെ ഞാൻ കഴിഞ്ഞിരുന്ന കാലത്ത് ഈ ദൈവദാസൻ എന്നെ അറിയിച്ചിരുന്നു. അന്ന് ആ പ്രവചനം ഞാൻ മുഖവിലയ്ക്കെടുത്തില്ല. പക്ഷേ പിന്നീട് അതെല്ലാം സത്യമായി. ഈ ദൈവദാസൻ മാത്രമാണ് ഈ സംഭവത്തേക്കുറിച്ച് എന്നോട് മുൻകൂട്ടി പറഞ്ഞത്.

ഏതാനും മാസം മുൻപ് ഒരു പാവപ്പെട്ട ദൈവദാസൻ എന്റെ ഓഫീസിൽ വന്നു. അദ്ദേഹം ഒരു വീട് വെയ്ക്കാൻ ആഗ്രഹിക്കുന്നു എന്നും എന്തെങ്കിലും സഹായം ചെയ്യണമെന്നും പറഞ്ഞു. എന്നാൽ ആവത് ചെയ്യാമെന്ന് ഞാൻ വാക്കുകൊടുത്തു. അതുകഴിഞ്ഞ് ഞാൻ അദ്ദേഹത്തോട് ‘‘വീടു വെയ്ക്കാൻ സ്ഥലം എവിടെനിന്ന് കിട്ടി’’ എന്ന് ചോദിച്ചു. അതിനു ലഭിച്ച മറുപടി എന്നെ അത്ഭുതപ്പെടുത്തി. മുൻ പറഞ്ഞ പ്രവാചകൻ അദ്ദേഹത്തിന്റെ വീടും സകല സമ്പാദ്യവും സ്വരുക്കൂട്ടി കുറച്ചു സ്ഥലം വാങ്ങിയിരുന്നു. പക്ഷേ വീടു വെയ്ക്കാൻ കഴിഞ്ഞില്ല. പിന്നീട് ആ സ്ഥലം ചില ദൈവദാസൻമാർക്കായി വീതിച്ചു നൽകി. അങ്ങനെ സ്ഥലം ലഭിച്ചവരിൽ ഒരാളാണ് ഇദ്ദേഹം. (പ്രവാചകന് ഇപ്പോഴും വീടുണ്ടായിട്ടുമില്ല).

എന്റെ സഹോദരങ്ങളേ, തെരുവുകുട്ടികളുടെ ചിത്രം കാട്ടി സായിപ്പിനെ കബളിപ്പിച്ച് ഡോളർ വാങ്ങി എസ്റ്റേറ്റ് സമ്പാദിക്കുന്ന കള്ള ഉപദേശിമാർ ഉള്ള ഈ കേരളത്തിൽ ഇത്തരത്തിലുള്ള ദൈവദാസൻമാരുമുണ്ട് എന്ന് സന്തോഷത്തോടെ അറിയിക്കട്ടെ. സാമച്ചനേപ്പോലുള്ളവർ പ്രവാചകരായി വിലസുന്നതുകണ്ട് മനസ്സു മടുക്കരുത്. ദൈവാത്മാവിൽ നിറഞ്ഞ് പ്രവചിക്കുന്ന യഥാർത്ഥ പ്രവാചകർ ഇന്നുമുണ്ട്. അവരെ നാം തിരിച്ചറിഞ്ഞ് ആദരിക്കണം.

# തങ്കുവിനെ മുടക്കിയെന്നോ?

തങ്കുവിനെ തോമസ്കുട്ടി മുടക്കി എന്നൊരു വാർത്ത ഹാലേലൂയ്യായിൽ കണ്ടു. വിശദമായി വായിച്ചപ്പോഴാണ് പറയുന്നത്ര ഗൗരവമുള്ള സംഭവമൊന്നുമല്ല നടന്നത് എന്ന് മനസ്സിലായത്. ചെറിയതായാലും ഒരു മുടക്ക് ഉണ്ടായി എന്നത് നേര്. പക്ഷേ ഇത് ഭാവിയിൽ ഉണ്ടാകാൻ പോകുന്ന ഉഗ്രൻ മുടക്കിന്റെ സാമ്പിളാണെന്ന് തീർച്ച.

ഏച്ചു വെച്ചാൽ മുഴച്ചിരിക്കും. സ്വർഗ്ഗീയ വിരുന്നിന്റെ കാര്യവും ഇങ്ങനെയാണ്. ഇത് ഒരു ഏച്ചുകെട്ടാണ്. തമ്മിൽ യോജിക്കാത്ത വിശ്വാസാചാരങ്ങളുള്ളവർ താത്ക്കാലിക കാര്യസാദ്ധ്യത്തിനായി നടത്തുന്ന ഒരു ഐക്യ ബഹളം. കുറേക്കാലം ഇത് തുടരും. പിന്നീട് ആവേശം തണുക്കും. അതോടെ പ്രശ്നമാകും. മാവോ മൂത്തത് മാങ്ങാണ്ടിയോ മൂത്തത് എന്ന പരമ്പരാഗത തർക്കവിഷയമായിരിക്കും പ്രശ്നത്തിന് കാരണമാകുക. സ്വർഗ്ഗീയ വിരുന്നിൽ അത് ''തങ്കുവോ നേതാവ്, തോമസ്കുട്ടിയോ നേതാവ്'' എന്നായിരിക്കും. തങ്കുവിന്റെ കഴിവുകൊണ്ടാണ് വിരുന്ന് വിശാലമായതെന്ന് തങ്കുവും കൂട്ടരും വാദിക്കും. തോമസ്കുട്ടി ഇല്ലെങ്കിൽ കാണാമായിരുന്നു എന്ന് തോമസ്കുട്ടി പക്ഷവും പറയും. അങ്ങനെ വഴക്ക് മൂക്കും. ഇരുവരും അന്യോന്യം മുടക്കും. കൈയ്യൂക്കുള്ളവന്റെ കയ്യിൽ ആരാധനാസ്ഥലം ഇരിക്കും. പുറത്തുപോകുന്ന ആൾ മറ്റൊരു പന്തലിട്ട് വിരുന്ന് നടത്തും. കുറച്ചുകാലംകൂടി ഇരുവരും അങ്ങനെ തുടരും. പിന്നെ രണ്ടും പൊട്ടും.

വിശേഷിച്ചൊരു വിശ്വാസപ്രമാണമോ ദൈവശാസ്ത്ര അടിത്തറയോ ഇല്ലാതെ മുളച്ചു പൊങ്ങുന്ന ഇത്തരം കൾട്ട് ഗ്രൂപ്പുകൾക്ക് ഏറെക്കാലം പിടിച്ചു നിൽക്കാൻ ആവില്ല.



# സുരേഷ് ചവറിൽ കസറുന്നു

സുരേഷ് ചവറിൽ കസറുകയാണ്. ടി.വിയിലൂടെ രോഗശാന്തി വരുത്തുന്നു. ഉലകം കോരിത്തരിക്കുന്നു.

സുരേഷിന്റെ പതിവു പരിപാടികളെല്ലാം ടി.വിയിലുമുണ്ട്. ഇതാ വരുന്നു അനുഗ്രഹം എന്നതാണ് സ്ഥിരം പ്രസംഗ വിഷയം. സമ്പത്ത്, രോഗശാന്തി തുടങ്ങി ഏവരും കൊതിക്കുന്നതെല്ലാം കർത്താവ് നൽകും. ആ സന്തോഷവാർത്ത മാലോകരെ അറിയിക്കാൻ ദൈവം സുരേഷിനെ നിയോഗിച്ചിരിക്കയാണ്.

രോഗശാന്തിയാണ് മുഖ്യ ഇനം. പേരും രോഗവും പറയും. സുരേഷിന്റെ ദൈവത്തിന് രോഗിയുടെ വിലാസവും ഫോൺ നമ്പറും മറ്റും അറിഞ്ഞുകൂടാത്തതുകൊണ്ട് അതൊന്നും പറയുകയില്ല. മേല്പടി പേരും രോഗവും ഉള്ളവർ സുരേഷിന്റെ പ്രസംഗം കേട്ടുകൊണ്ടിരിക്കുമ്പോൾ സൗഖ്യമാകുമത്രേ. മാസങ്ങൾക്കു മുൻപേ റിക്കാഡ് ചെയ്തതാണ് പ്രസംഗം. ഇത് ആരൊക്കെ കേൾക്കുമെന്ന് മുൻകൂട്ടിക്കണ്ട് സുരേഷ് രോഗശാന്തി വരുത്തിയിടുന്നു. പ്രസംഗം കേൾക്കുമ്പോൾ രോഗി ആ സൗഖ്യം ഏറ്റുവാങ്ങുന്നു.

# ന്യൂ ഇന്ത്യൻ വ്യാജൻമാരെ സൂക്ഷിക്കുക

ന്യൂ ഇന്ത്യാ ചർച്ച് ഓഫ് ഗോഡ് എന്നൊരു സാധനം ചിങ്ങവനം കേന്ദ്രമായി പ്രവർത്തിക്കുന്നുണ്ട്. ചിങ്ങവനം തമ്പി എന്ന പേരിൽ അറിയപ്പെടുന്ന മാന്യദേഹമാണ് പ്രസിഡന്റ്. ഈ സംഘടനയ്ക്ക് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലായി കുറെ പ്രാദേശിക സഭകളുമുണ്ട്. ചുക്കും ചുണ്ണാമ്പും തിരിച്ചറിയാത്തവരാണ് ന്യൂ ഇന്ത്യായിലെ പാസ്റ്റർമാരിൽ നല്ലൊരു പങ്ക്. ഉപജീവനമാർഗ്ഗം എന്ന നിലയിൽ ഉപദേശിപ്പണി ചെയ്യുന്നു. പക്ഷേ പലരുടേയും കൈയ്യിലിരുപ്പ് അത്ര നന്നല്ല. ഇതാ തെളിവ്.

1. തൊടുപുഴയ്ക്കടുത്ത് കലൂർ എന്ന സ്ഥലത്ത് ഒരു ന്യൂ ഇന്ത്യാ സഭയുണ്ട്. വി.പി.ജോണി എന്ന ആളാണ് പാസ്റ്റർ. ഈ സഭയിലെ ഒരു വിശ്വാസി ഈയിടെ ഡിഫെൻഡറിന്റെ ഓഫീസിൽ എത്തി. ഒരു പ്രമുഖ സഭയുടെ ഓഫീസിൽ റെയ്ഡ് നടന്നെന്ന് അവരുടെ പാസ്റ്റർ പറഞ്ഞത്രേ. സഭയുടെ പേരും വിശ്വാസി പറഞ്ഞു. ഈ സംഭവത്തേക്കുറിച്ച് കൂടുതൽ അറിയാനാണ് അദ്ദേഹം വന്നത്. ഉടൻതന്നെ ഞങ്ങൾ ജോണി പാസ്റ്ററെ ഫോണിൽ വിളിച്ചു. എങ്ങനെയാണ് പാസ്റ്റർ ഈ സംഭവം അറിഞ്ഞതെന്ന് തിരക്കി. തിരുവല്ലയിൽ നിന്ന് ഒരാൾ അദ്ദേഹത്തെ ഫോൺ ചെയ്ത് അറിയിച്ചതാണത്രേ. ആരാണ് ഫോൺ ചെയ്തത്? അത് പാസ്റ്റർ പറയുകയില്ല. പക്ഷേ ഏതാനും മണിക്കൂർ കഴിഞ്ഞ് പാസ്റ്റർ വീണ്ടും വിളിച്ചു. നാലുപേർ തിരുവല്ല സ്റ്റാന്റിൽ നിന്ന് പറയുന്നത് കേട്ടതാണത്രേ. കൂടുതൽ അന്വേഷണം നടത്തിയപ്പോൾ സത്യം പിടികിട്ടി. ഈ വിശുദ്ധൻ പച്ചക്കള്ളം പറയുകയായിരുന്നു. എന്തിന് ഇത്തരത്തിലൊരു കള്ളം പറഞ്ഞു? ആ ചോദ്യത്തിന് ഉത്തരമില്ല.

2. മൂവാറ്റുപുഴയ്ക്കടുത്ത് പൈങ്ങോട്ടൂർ എന്ന സ്ഥലത്തുള്ള ന്യൂ ഇന്ത്യാ പാസ്റ്റർ ഒന്നാംതരം കള്ള പ്രവാചകനാണ്. പേര് ജോസ് മാത്യു. ആ സഭയിലുള്ള ഒരു വിധവ തന്റെ മകന് ഒരു ബൈക്ക് വാങ്ങിക്കൊടുത്തു. അത് സ്വന്തമാക്കാൻ പാസ്റ്റർക്ക് മോഹമുദിച്ചു. താമസിയാതെ ഒരു പ്രവചനം നടത്തി. ഈ ബൈക്ക് പാസ്റ്റർക്ക് കൊടുക്കണമെന്ന് ദൈവം പറയുന്നു. കൊടുത്തില്ലെങ്കിൽ വലിയ അപകടമുണ്ടാകും. എന്തിനേറെ പറയുന്നു, പാസ്റ്റർക്ക് ബൈക്ക് കിട്ടി. ആ പ്രദേശത്തുള്ള ഒരാളുടെ കാറ് അപകടത്തിൽ പെട്ടു. ഉടൻ പാസ്റ്റർക്ക് പ്രവചനം കിട്ടി. ആ കാറ് പാസ്റ്റർക്ക് കൊടുക്കണമെന്നായിരുന്നു ദൈവത്തിന്റെ പദ്ധതി. പക്ഷേ ഉടമസ്ഥൻ കൊടുത്തില്ല. അതുകൊണ്ടാണ് കാർ അപകടത്തിൽ പെട്ടത്.

# Pastor Hinn in Nigerian money row

In late April, scores of giant billboards and thousands of wall posters all over Lagos proclaimed the first of three days of divine miracles and healing for at least six million Nigerians - but at the end of the third day, there was more bickering over money than praise to God for mercy received. The vehicle of the expected wonders of the Holy Spirit was the UNited States-based evangelist Benny Hinn, who flew into Nigeria in a Gulfstream private jet with a large retinue that included his bodyguards. He was received at Lagos airport in a motorcade of Hummer jeeps and other expensive cars.

The deaf would hear, the blind would see, the lame would jump and walk, barren women would conceive, the jobless would gain employment, and the enemy - both seen and unseen - would be vanquished. Mention any problem - physical, spiritual, economic - Hinn had come with the instant solution. But things did not go well.

About 300,000 people attended the event each night - a modest congregation by Nigerian crusade standards. It is estimated that about 1 million worshippers attend the monthly Holy Ghost Congress service organised by The Redeemed Christian Church God (RCCG) at the same venue. Whatever disappointment he felt on the first and second days of the miracle crusade, Hinn kept to himself - but he opened up with anger on the final day.

"Four million dollars down the drain," he shouted into the microphone from the huge rostrum. He said that he had been assured by the local organising committee that at least six million people would attend the crusade but the total turnout was only around one million. As a result, he realised that all the mega public address equipment he had flown in from the US was not needed.

He also complained about some claimed expenditures, the charges imposed on pastors who attended his day-time seminar, and journalists who sought to cover the crusade.

He then announced publicly that he would not provide any more funds, and that the local organisers should pay all outstanding bills from the collections they made on the first two days. Hinn's complaints instantly overshadowed the spiritual context of the event. Some people from the congregation came out to declare that they received healing and other miracles after the prayers, but they were hardly audible.

The Nigerian head of the local organising committee, Bishop Joseph Olanrewaju Obembe, accused other Nigerian Pentecostal preachers of sabotaging the crusade and peddling false information to Hinn and his aides out of envy, and to discredit him.

Soon after the crusade, a committee was set up by the leadership of the Pentecostal Fellowship of Nigeria (PFN) - the umbrella body of Pentecostal churches nationwide - to investigate the funding controversy.

ഏതാനും മാസം മുൻപ് തിരുവല്ലയിൽ നടന്ന പെന്തക്കോസ്ത് ശതാബ്ദി സമ്മേളനമെന്ന തട്ടിപ്പിനു സമാനമായ സംഭവം നൈജീരിയയിൽ നടന്നതായി ബി.ബി.സി റിപ്പോർട്ട് ചെയ്യുന്നു. പരസ്യം, പങ്കെടുത്ത ആളുകളുടെ എണ്ണം, രോഗശാന്തിയുടെ വ്യാജ വാർത്തകൾ, സാമ്പത്തികപ്രശ്നം തുടങ്ങിയവയെല്ലാം തിരുവല്ലയിലേതുപോലെതന്നെ ആയിരുന്നു. ഇന്റർനെറ്റിൽ നിന്ന് ലഭിച്ച റിപ്പോർട്ട് പൂർണ്ണ രൂപത്തിൽ.

The Pentecostal faith in Nigeria is a veritable goldmine, judging by the opulence of most of its pastors. It is made even more attractive because incomes of churches are tax-exempt. Nearly all the churches are the private property of their pastors or founders and their immediate families. In an economic environment in which the majority of Nigeria's estimated 130 million population has been impoverished by unemployment, lack of basic social infrastructure and rising inflation, the church has become the last refuge for many people.

The favoured churches are the new-generation Pentecostal assemblies, that are owned and managed solely by fast-talking American-style pastors. Rich and powerful Nigerians run after the pastors for "spiritual protection" from imaginary 'enemies' who, they are convinced, are lurking around the corner to pull them down. These are the big spenders in the churches. The attraction, perhaps, lies in the often-quoted biblical injunction that "givers never lack" and the fact that most pastors don't ask the donors how they make the money they give.

Devoted service

In March 2003, a cashier at a five-star hotel was arrested for allegedly stealing nearly 40 million naira (then about US$400,000) from his employer. His colleagues were shocked because there was nothing to suggest that he was living above his means - he had no car and he lived in a rented flat in a non-fashionable part of Lagos.

The man confessed that he gave all the money to his Pentecostal church in cash and equipment. In another case a bank clerk stole 40 million naira from his employer and gave 10 million to his church as 'seed money' in the belief that the seed would germinate and yield several fold as promised by his pastor.

Many Nigerians believe that a large number of pastors are honest and devoted to the service of God and mankind. But they readily take umbrage under the Yoruba saying that "only God knows who serves Him truly."


## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

നിങ്ങൾക്കോ നിങ്ങളുടെ സ്ഥാപനത്തിനോ വളരെ കുറഞ്ഞ ചെലവിൽ ഒരു വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും ഫോട്ടോ സഹിതം വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാം. ലോകത്തിൽ എവിടെ താമസിക്കുന്നവർക്കു വേണ്ടിയും വെബ്സൈറ്റ് ഉണ്ടാക്കുന്നു.

www.yourname.com എന്ന വിലാസം
you@yourname.com എന്ന ഈമെയിൽ
ഒരു ഹോം പേജ്

ആകെ ചെലവ്: 1500 രൂപ മാത്രം
ഓരോ അധിക പേജിനും 400 രൂപ

ഫോൺ: 0484-3232356
മൊബൈൽ: 94474 14608

# അക്കരെയിക്കരെ നിന്നാലെങ്ങനെ....

''അക്കരെയിക്കരെ നിന്നാലെങ്ങനെ ആശ തീരും'' എന്നാണ് സിനിമ പാട്ടുകാരൻ ചോദിക്കുന്നത്. പ്രശ്നത്തിനുള്ള പരിഹാരവും പാട്ടുകാരൻ തന്നെ നിർദ്ദേശിക്കുന്നുണ്ട്. ''ഒന്നുകിൽ ആൺകിളി അക്കരേയ്ക്ക്, അല്ലെങ്കിൽ പെൺകിളി ഇക്കരേക്ക്''. പരമ വിശുദ്ധനായ കെ.സി.ജോൺ ഈ ഉപദേശം അക്ഷരംപ്രതി നടപ്പിൽ വരുത്തി. സംഭവം ഇങ്ങനെ:

ചവർ ചാനലിന്റെ സി.വി.പി. ഓഫീസിൽ കെ.സി.ജോണിന് ഒരു ക്യാബിനുണ്ട്. അതിനുള്ളിൽ സർവ്വവിധ പ്രതാപത്തോടെയും ഈ മാന്യദേഹം വാണരുളുന്നതിനിടയിലാണ് ഒരു കോട്ടയംകാരി ജോലിക്കെത്തിയത്. കെ.സി.ജോണിന് കക്ഷിയെ നന്നായി ബോധിച്ചു. അങ്ങനെ കോട്ടയം സുന്ദരി ജോലി ആരംഭിച്ചു.

കണ്ണാടിക്കൂടിലിരുന്ന് കെ.സി. ജോൺ കോട്ടയത്തെ നിരീക്ഷിച്ചു. സംഗതി കൊള്ളാം. പക്ഷേ ഒരു അക്കരെയിക്കരെ പ്രശ്നം. എന്താണ് പോംവഴി? സിനിമഗാനം ശരണം ഗച്ഛാമി. അങ്ങനെ പെൺകിളിയുടെ ഇരിപ്പിടം ക്യാബിനിലേക്ക് മാറ്റി.

അതുകൊണ്ട് എന്താണ് ഗുണം? പറയാം. അകത്തുള്ളവർക്ക് പുറത്തുള്ളവരെ കാണാം. ക്യാബിനിലേക്ക് ആളുകൾ വരുന്നത് മുൻകൂട്ടി കണ്ട് ആവശ്യമായ മുൻകരുതലെടുക്കാം. പുറത്തുള്ളവർക്ക് അകത്ത് എന്താണ് നടക്കുന്നതെന്ന് പിടികിട്ടുകയുമില്ല. (എത്ര മനോഹരമേ....).

# അസിസ്റ്റന്റ് ബഹു കേമൻ

അസിസ്റ്റന്റായാൽ ഇങ്ങനെ വേണം. മേലാവിയെ എല്ലാ കാര്യത്തിലും അസിസ്റ്റ് ചെയ്യണം. പറഞ്ഞു വരുന്നത് കെ.സി.ജോണിന്റെ അസിസ്റ്റന്റായ ഷാജിയേക്കുറിച്ചാണ്. ഈ ചങ്ങാതി കെ.സി.ജോണിനെ കിടപ്പറയിൽ വരെ അസിസ്റ്റ് ചെയ്യുന്നു.

കെ.സി.ജോണിന്റെ മന:സാക്ഷി സൂക്ഷിപ്പുകാരനായാണ് ഷാജി വിലസുന്നത്. അസിസ്റ്റന്റെന്ന നിലയ്ക്ക് അങ്ങനെ ചെയ്യണമല്ലോ. പക്ഷേ സഭാശുശ്രൂഷയിൽ മാത്രമല്ല ഷാജിയുടെ കരവിരുത് വിളയാടുന്നത്. കെ.സി.ജോണിന്റെ ഭാര്യയെ അസിസ്റ്റ് ചെയ്യാനും ഷാജി എത്തുന്നു. വിവിധ പരിപാടികളുമായി കെ.സി.ജോൺ ഊരു ചുറ്റുമ്പോഴാണ് ഷാജി പ്രെയ്സ് അമ്മാമ്മയെ കിടക്കറയിൽ അസിസ്റ്റ് ചെയ്യുന്നത്.

കെ.സി.ജോണിന്റെ ഭാര്യയായ പ്രെയ്സിന് അമ്മയിൽ നിന്ന് പാരമ്പര്യമായി കിട്ടിയ കഴിവുകളിൽ ഒന്നാണിത്. ഭർത്താവ് ജീവനോടെ ഇരിക്കുന്ന കാലത്ത് കെ.സി.ജോണിന്റെ സഹായം കിടപ്പറയിൽ സ്വീകരിച്ച് മാതൃക കാണിച്ച മഹതിയായിരുന്നു അമ്മ. മകൾക്കും ഈ മഹത്വം കിട്ടാതിരിക്കുമോ?

ഷാജി പാസ്റ്ററെ പ്രെയ്സ് ഷാജിമോൻ എന്നാണ് വാത്സല്യപൂർവ്വം വിളിക്കുന്നത്. മോനോട് അമ്മയ്ക്ക് സ്നേഹം തോന്നുക സ്വാഭാവികം. പക്ഷേ ഈ സ്നേഹം കിടപ്പറയിൽ എത്തുമ്പോഴാണ് പ്രശ്നമാകുന്നത്. കെ.സി.ജോൺ ഈയിടെ വിദേശത്തുനിന്നും മടങ്ങിയെത്തിയപ്പോൾ ഈ കഥകളൊക്കെ അറിഞ്ഞു. പക്ഷേ പാപം ചെയ്യാത്തവർ കല്ലെറിയട്ടെ എന്നാണല്ലോ പ്രമാണം. ആകയാൽ കെ.സി. മിണ്ടിയില്ല.

# ഭൂകമ്പവും മുല്ലപ്പെരിയാർ പ്രശ്നവും

മുല്ലപ്പെരിയാർ ഡാമിന് സമീപമുണ്ടായ ഭൂകമ്പം കേരള ജനതയെ ആശങ്കയിലാഴ്ത്തി എന്നത് നേര്. കൂടുതൽ ശക്തിയുള്ള തുടർചലനങ്ങൾ ഉണ്ടാകുമെന്ന മുന്നറിയിപ്പ് അതീവ ഗൗരവത്തിൽ എടുത്തേ മതിയാകൂ. പണ്ടേ ദുർബ്ബല, ഇപ്പോൾ ഗർഭിണിയും എന്ന സ്ഥിതിയിലാണ് മുല്ലപ്പെരിയാർ ഡാം. വിശേഷിച്ച് ഒരു കാരണവും കൂടാതെ ഏതു നേരവും തകരാവുന്ന സ്ഥിതിയാണുള്ളത്. നല്ല ഒരു ഭൂകമ്പംകൂടി ആയാൽ എല്ലാം തികഞ്ഞു.

കേരളത്തിൽ ഭൂകമ്പ സാദ്ധ്യത വളരെ കുറവാണെന്നത് ശരിതന്നെ. ഭൂമിയുടെ ഏതു ഭാഗത്തും ഭൂകമ്പമുണ്ടാകാം. ഒരു മുന്നറിയിപ്പും കൂടാതെ ഭൂകമ്പം വരാനും സാദ്ധ്യതയുണ്ട്. ആകയാൽ നാം പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കിയേ മതിയാകൂ.

ഭൂകമ്പത്തേക്കുറിച്ച് വളരെയേറെ തെറ്റിദ്ധാരണകൾ നിലവിലുണ്ട്. അതുകൊണ്ട് ചില വസ്തുതകൾ ശ്രദ്ധിക്കുക:

1. എവിടെ ഭൂകമ്പമുണ്ടാകുമെന്നോ എപ്പോൾ ഭൂകമ്പമുണ്ടാകുമെന്നോ ആർക്കും കൃത്യമായി പ്രവചിക്കാൻ കഴിയില്ല. എങ്കിലും ഭൂമിയുടെ ഘടനയേക്കുറിച്ച് ശാസ്ത്രീയമായി പഠിച്ചശേഷം ഭൂകമ്പമുണ്ടാകാൻ സാദ്ധ്യത കൂടുതലുള്ള പ്രദേശങ്ങൾ കണ്ടെത്താൻ കഴിയും.
2. പട്ടി, പൂച്ച, പാമ്പ്, കുതിര തുടങ്ങിയ ജീവികൾ ഭൂകമ്പം ഉണ്ടാകുന്നതിനു മുൻപ് വിരണ്ടോടുകയും വിചിത്രമായി പെരുമാറുകയും ചെയ്യുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഭൂകമ്പത്തിനു മുൻപ് ഭൂമിയിലുണ്ടാകുന്ന വ്യതിയാനങ്ങൾ ഇത്തരം ജീവികൾക്ക് ഗ്രഹിക്കാൻ കഴിയാറുണ്ട്.
3. ഭൂകമ്പം ഉണ്ടാകുന്നത് തടയാൻ ഇതുവരെ ഫലപ്രദമായ മാർഗ്ഗങ്ങൾ കണ്ടുപിടിച്ചിട്ടില്ല. ഈ വഴിക്കുള്ള ഗവേഷണങ്ങൾ ഇപ്പോഴും നടക്കുന്നുണ്ട്.
4. കാലാവസ്ഥയും ഭൂകമ്പവുമായി ബന്ധമില്ല. ഏതു കാലാവസ്ഥയിലും ഭൂകമ്പം ഉണ്ടാകാം.
5. ഭൂകമ്പം ഏതു സമയത്തും ഉണ്ടാകാം. രാത്രിയെന്നോ പകലെന്നോ വ്യത്യാസമില്ല.

കഴിഞ്ഞ ഇരുപതു വർഷത്തെ കണക്ക് പരിശോധിച്ചാൽ ഭൂകമ്പങ്ങളുടെ എണ്ണത്തിൽ വർദ്ധന ഉണ്ടായിട്ടുണ്ട് എന്ന് മനസ്സിലാക്കാം. എന്താണ് ഇതിന് കാരണം? പല വിധത്തിലുള്ള ഉത്തരങ്ങൾ പറഞ്ഞു കേൾക്കാറുണ്ട്. എങ്കിലും ഏവർക്കും സ്വീകാര്യമായ ഒരു വിശദീകരണം തരാൻ ആർക്കും കഴിഞ്ഞിട്ടില്ല.

ഭൂകമ്പങ്ങൾ വർദ്ധിക്കുന്നില്ല എന്ന വാദത്തിനാണ് മുൻതൂക്കം. എല്ലാ കാലത്തും ഇന്നത്തെപ്പോലെതന്നെ ഭൂകമ്പങ്ങൾ ഉണ്ടായിരുന്നു. പക്ഷേ, പണ്ടൊക്കെ ഭൂകമ്പങ്ങൾ ശാസ്ത്രീയമായി അളക്കാനോ രേഖകൾ സൂക്ഷിക്കാനോ കഴിഞ്ഞിരുന്നില്ല. എന്നാൽ ഇന്ന് ലോകമെമ്പാടും ആയിരക്കണക്കിന് ഭൂകമ്പ മാപിനികളുണ്ട്. ചെറിയ ചലനങ്ങൾ പോലും അവ രേഖപ്പെടുത്തുന്നു. അതുകൊണ്ട് കഴിഞ്ഞ കാലങ്ങളിൽ മനുഷ്യൻ ശ്രദ്ധിക്കാതെ പോയ ചെറിയ ചലനങ്ങൾ ഉൾപ്പെടെയുള്ള കണക്കുകൾ കാണുമ്പോൾ ഭൂകമ്പം എണ്ണത്തിൽ കൂടുന്നു എന്ന തോന്നലുണ്ടാകുന്നു എന്നു മാത്രം. ഇതാണ് ഒരു വിശദീകരണം.

വാർത്താവിനിമയ രംഗത്തുണ്ടായ വിപ്ലവകരമായ മാറ്റങ്ങളും ഭൂകമ്പങ്ങളുടെ കണക്കിൽ വർദ്ധനവുണ്ടാക്കി. ഇറാൻ, തുർക്കി, അൾജീറിയ തുടങ്ങിയ സ്ഥലങ്ങളിൽ ഉണ്ടായ ഭൂകമ്പങ്ങൾ ഏതാനും നിമിഷങ്ങൾക്കകം ലോകമെമ്പാടും അറിഞ്ഞു. പ്രാചീന കാലത്ത് ഇത് സാദ്ധ്യമായിരുന്നില്ല. ആകയാൽ അക്കാലത്ത് ലോകത്തുണ്ടായ ഭൂകമ്പങ്ങളുടെ കൃത്യമായ കണക്ക് ലഭ്യമല്ല. ഇക്കാലത്ത് ഭൂകമ്പങ്ങൾ വർദ്ധിക്കുന്നു എന്ന തോന്നലുണ്ടാകാൻ ഇതും കാരണമാണ്.

റിച്ചർ സ്ക്കെയിലിൽ ഏഴിൽ അധികം തീവ്രതയുള്ള ഭൂകമ്പങ്ങളുടെ എണ്ണത്തിൽ വർദ്ധനയുണ്ടായിട്ടില്ല എന്നതാണ് മറ്റൊരു വസ്തുത. പണ്ടൊക്കെ ശ്രദ്ധിക്കാതെ പോയിരുന്ന ചെറിയ ഭൂകമ്പങ്ങൾ കൂടി ഇന്ന് കണക്കിൽ വന്നതാണ് എണ്ണം കൂടിയതായി തോന്നാൻ കാരണമെന്ന വാദത്തിന് ഇതും തെളിവാണ്.

റിച്ചർ സ്ക്കെയിൽ എന്ന് മിക്കവരും പറയുമെങ്കിലും എന്താണ് റിച്ചർ സ്ക്കെയിൽ എന്ന് മിക്കവർക്കും ഗ്രാഹ്യമില്ല. ചാൾസ് എഫ്. റിച്ചർ എന്ന ഭൗമശാസ്ത്രജ്ഞൻ 1935ൽ ഉണ്ടാക്കിയതാണ് റിച്ചർ സ്ക്കെയിൽ. ഭൂകമ്പത്തിൻെറ തീവ്രത അളക്കാനാണ് ഇത് ഉപയോഗിക്കുന്നത്. റിച്ചർ സ്ക്കെയിൽ അനുസരിച്ച് ഭൂകമ്പത്തിൻെറ തീവ്രത 3.5ൽ കുറവാണെങ്കിൽ നാം അത് അറിയുകപോലുമില്ല. 3.5 മുതൽ 5.4 വരെയുള്ള ഭൂകമ്പങ്ങൾ നാം അറിയുമെങ്കിലും ഇത്തരം ഭൂകമ്പങ്ങൾ മൂലം വലിയ നാശമൊന്നും ഉണ്ടാകാറില്ല. തീവ്രത 6 വരെ ആയാൽ ബലം കുറഞ്ഞ കെട്ടിടങ്ങൾ തകരും. പക്ഷേ, തീവ്രത 6.1 മുതൽ 6.9 വരെ ആയാൽ വലിയ നാശനഷ്ടങ്ങൾ ഉണ്ടാകും. 7 മുതൽ 7.9 വരെ തീവ്രതയുള്ള ഭൂകമ്പങ്ങൾ അത്യന്തം അപകടകാരികളാണ്. ഇവ വലിയ നാശനഷ്ടങ്ങളുണ്ടാക്കും. ഗ്രാമങ്ങളും പട്ടണങ്ങളും നാമാവശേഷമാക്കാൻ ഇതിന് കഴിയും. 8 മുതൽ മേലോട്ട് തീവ്രതയുള്ള ഭൂകമ്പങ്ങൾ എത്രത്തോളം നാശമുണ്ടാക്കും എന്ന് പ്രവചിക്കാനാവില്ല. ഒരു ഭൂഭാഗം തന്നെ തകർന്നടിയും എന്ന് ഉറപ്പ്.

ഭൂകമ്പം രേഖപ്പെടുത്താൻ ഉപയോഗിക്കുന്ന ലഘുവായ ഒരു ഉപകരണമാണ് ഭൂകമ്പമാപിനി. സ്വതന്ത്രമായി ചലിക്കാൻ കഴിവുള്ള ഒരു പെൻഡുലവും ആ ചലനങ്ങൾ രേഖപ്പെടുത്തുന്ന ഒരു കടലാസ്സുമാണ് ഇതിൻെറ പ്രധാന ഭാഗങ്ങൾ. ഭൂമി കുലുങ്ങുമ്പോൾ ഈ ഉപകരണത്തിലുള്ള പെൻഡുലം ചലിക്കുന്നു. ഈ ചലനം പേപ്പറിൽ രേഖപ്പെടുത്തി എടുത്താൽ ഭൂകമ്പത്തെ സംബന്ധിച്ച വിവരങ്ങൾ മനസ്സിലാക്കാം.

മുല്ലപ്പെരിയാർ ഡാം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ഭൂകമ്പമുണ്ടായാൽ അത് ഡാമിന്റെ സുരക്ഷയെ ബാധിക്കും. ഒരു നൂറ്റാണ്ടിൽ അധികം പഴക്കമുള്ള ഡാം തകർന്നെന്നും വരാം. അങ്ങനെ സംഭവിച്ചാൽ ഇടുക്കി, എറണാകുളം, ആലപ്പുഴ, കോട്ടയം തുടങ്ങിയ ജില്ലകളിൽ വലിയ നാശനഷ്ടങ്ങളുണ്ടാകും. ആയിരക്കണക്കിന് മനുഷ്യർ കൊല്ലപ്പെടും. അനേകായിരം കോടി രൂപയുടെ നാശനഷ്ടങ്ങളുണ്ടാകും. അത്യന്തം ഗൗരവമുള്ള ഒരു പ്രശ്നമാണിത്. ഈ ദുരന്തം ഒഴിവാക്കിയേ മതിയാകൂ. പക്ഷേ തമിഴ്നാടിന്റെ നിലപാടുകളാണ് ഇതിനു തടസ്സമായിരിക്കുന്നത്.

മുല്ലപ്പെരിയാർ ഡാമിൽ നിന്ന് ലഭിക്കുന്ന ജലം തമിഴ്നാടിന് ഒഴിവാക്കാനാവില്ല. രാജ്യത്ത് നിലവിലുള്ള നിയമം സ്വതന്ത്രമായ തീരുമാനങ്ങളെടുക്കാൻ കേരളത്തിന് തടസ്സമാകുകയും ചെയ്യുന്നു. ഡാമിലെ ജലനിരപ്പ് ഉയർത്താനുള്ള നടപടികളുമായി തമിഴ്നാട് സർക്കാർ മുമ്പോട്ട് പോകുമ്പോൾ ശരാശരി കേരളീയന്റെ നെഞ്ചിടിപ്പ് കൂടുകയാണ്. ഈ പ്രശ്നത്തിന് എത്രയും വേഗം ഒരു പരിഹാരം ഉണ്ടായേതീരൂ.






# സഭ്യതയുടെ അതിർവരമ്പുകൾ

ഭക്തൻ എന്നു പറയുമ്പോൾ ഏവരുടേയും ഉള്ളിൽ ഒരു രൂപം തെളിയും. പരമ കൊജ്ഞാണനായ ഒരു സാധു. നിർവ്വികാരമായ മുഖം. വളരെ ശാന്തമായി സംസാരിക്കും. കോപം അശ്ശേഷമില്ല. ഉപദേശി എന്നു പറയുമ്പോഴും ഇത്തരത്തിലുള്ള ഒരാളുടെ രൂപമാണ് മനസ്സിൽ എത്തുക. ഉപദേശിയുടെ ഭാഷയ്ക്കുമുണ്ട് പ്രത്യേകത. ഇത്തരത്തിലുള്ള രൂപത്തിനോ ഭാഷയ്ക്കോ അല്പം മാറ്റം വന്നാൽ അനാത്മീകമായി.

ആത്മീയ പത്രത്തിനുമുണ്ട് ഇതുപോലെ ചില എഴുതാപ്രമാണങ്ങൾ. സഭാനേതാക്കൻമാരെ വിമർശിക്കരുത്. ഇതര ക്രൈസ്തവ സമുദായങ്ങളെ വിമർശിക്കാം. കൺവെൻഷൻ വാർത്തകൾ ഉൾപ്പെടെയുള്ള സകല പെന്തക്കോസ്ത് സംഭവവികാസങ്ങളും റിപ്പോർട്ട് ചെയ്യണം. മോഷണം, വ്യഭിചാരം, തട്ടിപ്പ് തുടങ്ങിയ വാക്കുകൾ ഉപയോഗിക്കാനേ പാടില്ല. അങ്ങനെ പോകുന്നു ആ ചട്ടങ്ങൾ. ഡിഫെൻഡർ ഒഴികെയുള്ള എല്ലാ പെന്തക്കോസ്ത് പത്രങ്ങളും ഇതൊക്കെ പാലിക്കുന്നു. അതുകൊണ്ട് മറ്റു പത്രങ്ങളെല്ലാം വിശുദ്ധ പത്രങ്ങൾ. ഡിഫെൻഡർ അശ്ലീല പ്രസിദ്ധീകരണം. ഇതാണ് സ്ഥിതി.

എന്താണ് അശ്ലീലം? വ്യഭിചാരം, മോഷണം എന്നൊക്കെ പറഞ്ഞാൽ അശ്ലീലമാകുമോ? ഡിഫെൻഡറിന്റെ അടിസ്ഥാനം ബൈബിളാണ്. അതുകൊണ്ട് ബൈബിളിൽ നിന്ന് ഈ ചോദ്യത്തിന് ഉത്തരം പറയാം.

അഞ്ചോ ആറോ വയസ്സുള്ള കുഞ്ഞുങ്ങളെ എല്ലാ പെന്തക്കോസ്ത് സഭകളും പത്തു കല്പനകൾ പഠിപ്പിക്കാറുണ്ട്. വ്യഭിചാരം ചെയ്യരുത്, മോഷ്ടിക്കരുത്, അന്യന്റെ ഭാര്യയെ മോഹിക്കരുത് എന്നൊക്കെ ആ പിഞ്ചു കുഞ്ഞുങ്ങളെ പഠിപ്പിക്കുന്നതിൽ അശ്ലീലമുണ്ടെന്ന് എന്തേ ഒരു പെന്തക്കോസ്തുകാരനും പറയാത്തത്?

ലോത്തിനെ തേടി സോദോമിലെത്തിയ ദൂതൻമാർക്ക് സ്വവർഗ്ഗ ഭോഗികളിൽ നിന്നുണ്ടായ ഉപദ്രവം ബൈബിളിൽ വിശദമായി പറയുന്നുണ്ട്. ലോത്തിന് എങ്ങനെ മക്കളുണ്ടായി എന്നും ബൈബിൾ വിവരിക്കുന്നു. ഇതൊക്കെ അശ്ലീല വിവരണമാണോ? സഹോദരന്റെ പേരിൽ മക്കളുണ്ടാകുന്നത് തടയാനായി ഓനാൻ എന്തു ചെയ്തു എന്ന് ദൈവവചനം പറയുന്നത് കേൾക്കൂ: ‘‘എന്നാൽ ആ സന്തതി തന്റേതായിരിക്കില്ല എന്ന് ഓനാൻ അറികകൊണ്ട് ജ്യേഷ്ഠന്റെ ഭാര്യയുടെ അടുക്കൽ ചെന്നപ്പോൾ ജ്യേഷ്ഠനു സന്തതിയെ കൊടുക്കാതിരിക്കേണ്ടതിന് നിലത്തു വീഴ്ത്തിക്കളഞ്ഞു’’. ഈ വിവരണം അശ്ലീലമാണോ? ആണെങ്കിൽ ദൈവാത്മാവിന്റെ പ്രേരണയിൽ ഇതെഴുതിയ ആളും ഇതെഴുതാൻ പ്രേരിപ്പിച്ച ദൈവാത്മാവും അശ്ലീലമെഴുതി എന്നു പറയേണ്ടതായി വരും.

രൂബേൻ തന്റെ അപ്പന്റെ ഭാര്യയുമായും യെഹൂദാ സ്വന്തം മകന്റെ ഭാര്യയുമായും അവിഹിത ബന്ധം പുലർത്തിയ കാര്യം ബൈബിളിൽ വിവരിക്കുന്നുണ്ട്. യാക്കോബിന്റെ ഏക മകൾ ബലാൽസംഗം ചെയ്യപ്പെട്ടു എന്ന വസ്തുത ബൈബിൾ മറച്ചു വെയ്ക്കുന്നില്ല. ദൈവത്തിന്റെ ഹൃദയപ്രകാരമുള്ളവനെന്ന് പേരുകേട്ട ദാവീദ് അന്യന്റെ ഭാര്യയുമായി അവിഹിത ബന്ധത്തിൽ ഏർപ്പെട്ട കാര്യം എന്തുകൊണ്ട് ദൈവാത്മാവ് രഹസ്യമാക്കി വെച്ചില്ല? ദാവീദിന്റെ ഒരു മകൻ സ്വന്തം സഹോദരിയെ ബലാൽസംഗം ചെയ്ത സംഭവവും ബൈബിൾ വിവരിക്കുന്നു. ഇത്തരം കാര്യങ്ങൾ എഴുതിയാൽ അശ്ലീലമാകുമെങ്കിൽ ദൈവാത്മാവ് അശ്ലീലമെഴുതിച്ചു.

ജീവനുള്ള ദൈവത്തെ വിട്ട് അന്യദൈവങ്ങളുടെ പിന്നാലെ പോകുന്നത് സ്വന്തം ഭർത്താവിനെ വിട്ട് അന്യപുരുഷൻമാരുമായി രമിക്കുന്നതുപോലെയാണെന്ന് പഴയനിയമ പ്രവാചകൻമാർ പറഞ്ഞിരുന്നു. ഇത്തരം പാപങ്ങൾക്കെതിരെ പ്രവചിക്കുമ്പോൾ അശ്ലീലത്തിന്റെ അതിർവരമ്പുകൾ പോലും അവഗണിക്കുന്ന ഭാഷയാണ് ദൈവാത്മാവ് പ്രവാചകൻമാരുടെ വായിൽ നൽകിയത്. ഇതാ ഒരു സാമ്പിൾ:

ദൈവത്തെ വിട്ട് അന്യദൈവങ്ങളുടെ പിന്നാലെ പോയ യിസ്രായേൽ, യഹൂദ എന്നീ രാജ്യങ്ങളേക്കുറിച്ചാണ് യെഹെസ്ക്കേൽ പ്രവാചകൻ പറയുന്നത്:

‘‘യഹോവയുടെ അരുളപ്പാട് എനിക്കുണ്ടായതെന്തെന്നാൽ, മനുഷ്യപുത്രാ, ഒരമ്മയുടെ മക്കളായ രണ്ടു സ്ത്രീകൾ ഉണ്ടായിരുന്നു. അവർ മിസ്രയീമിൽ വെച്ച് പരസംഗം ചെയ്തു. യൗവനത്തിൽ തന്നെ അവർ പരസംഗം ചെയ്തു. അവിടെ അവരുടെ മുല പിടിച്ച് അവരുടെ കന്യാകുചാഗ്രം ഞെക്കി ...... മിസ്രയീമിൽ നിന്നു കൊണ്ടുവന്ന തന്റെ വേശ്യാവൃത്തിയും അവൾ വിട്ടില്ല. അവർ അവളുടെ യൗവനത്തിൽ അവളോടുകൂടി ശയിച്ചു. അവളുടെ കന്യാകുചാഗ്രം ഞെക്കി തങ്ങളുടെ പരസംഗം അവളുടെമേൽ ചൊരിഞ്ഞു....... കഴുതകളുടെ ലിംഗം പോലെ ലിംഗവും കുതിരകളുടെ ബീജസ്രവണം പോലെ ബീജസ്രവണവുമുള്ള ജാരൻമാരെ അവൾ മോഹിച്ചു.....’’. യെഹെ. 23.

പെന്തക്കോസ്തുകാരിൽ ചിലർ അവിശ്വാസികളുമായി ഇണയില്ലാപ്പിണ കൂടുന്നതിനേക്കുറിച്ചു പറയുമ്പോൾ ഡിഫെൻഡർ ഇത്തരം ഭാഷ ഉപയോഗിച്ചിരുന്നെങ്കിൽ എന്താകുമായിരുന്നു സ്ഥിതി? കപട ധാർമ്മികതയുമായി നടക്കുന്ന പെന്തക്കോസ്ത് പുണ്യാളൻമാരോട് ഒരു അപേക്ഷ: ദയവായി നിങ്ങൾ ബൈബിൾ വായിക്കുക. ധാർമ്മികതയ്ക്കും അശ്ലീലത്തിനും നിങ്ങൾ കൊടുക്കുന്ന വ്യാഖ്യാനമല്ല ബൈബിളിലുള്ളത് എന്ന് അറിയുക.

ദൈവം ഹോശെയാ പ്രവാചകനോട് പരസംഗം ചെയ്യുന്ന ഭാര്യയേയും പരസംഗത്തിൽ ജനിച്ച മക്കളേയും എടുക്കാൻ കല്പിച്ചു. ഹോശെയ 1:2. ഇത് ഗുണ്ടർട്ട് ഇപ്രകാരമാണ് തർജ്ജമ ചെയ്തിരിക്കുന്നത്: ‘‘നീ പോയി നിനക്ക് പുലയാടിച്ചിയേയും പുലയാട്ടു മക്കളേയും എടുത്തുകൊള്ളുക. നാട് എല്ലാം യഹോവയെ വിട്ട് പുലയാടിപ്പോകുന്നുവല്ലോ’’. നാം ഇന്ന് ഉപയോഗിക്കുന്ന ബൈബിൾ ഉണ്ടാകുന്നതിന് കേവലം 25 വർഷം മുൻപാണ് ഗുണ്ടർട്ട് ഇങ്ങനെ എഴുതിയത്. ഭാഷ അറിയാതെ പറ്റിയ അബദ്ധവുമല്ല ഇത്. മലയാളത്തിന് ഡിക്ഷ്ണറി ഉണ്ടാക്കിയ ഗുണ്ടർട്ടിന് മലയാള വാക്കുകളുടെ അർത്ഥം നന്നായി അറിയാമായിരുന്നു.

ഉത്തമഗീതം അശ്ലീല സാഹിത്യമാണോ? ആണെന്ന് ഡിഫെൻഡർ പറയില്ല. അത് ഒരു പ്രേമകാവ്യമാണ്. അതുകൊണ്ട് അതിലുള്ളത് പ്രേമത്തിന്റെ ഭാഷയാണ്. പ്രേമം അശ്ലീലമല്ല.

ഇതൊക്കെ പറയുമ്പോൾ പലരും പറയും: ‘‘ഇതൊക്കെ പഴയനിയമത്തിലെ കാര്യമല്ലേ. പുതിയനിയമത്തിൽ ഇത്തരം ഭാഷയൊന്നും ഇല്ലല്ലോ’’. ശുദ്ധ വിവരക്കോടാണ് ഈ പറയുന്നത്. ബൈബിൾ പഠിക്കാത്തതിന്റെ ഫലം.

ദൈവം നികൃഷ്ടബുദ്ധിക്ക് ഏല്പിച്ചവർ എന്തു ചെയ്യുന്നു എന്ന് പൗലോസ് പറയുന്നു: ‘‘അതുകൊണ്ട് ദൈവം അവരെ അപമാന രാഗങ്ങളിൽ ഏല്പിച്ചു. അവരുടെ സ്ത്രീകൾ സ്വാഭാവിക ഭോഗത്തെ സ്വഭാവ വിരുദ്ധമാക്കിക്കളഞ്ഞു. അവ്വണ്ണം പുരുഷൻമാരും സ്വാഭാവിക സ്ത്രീഭോഗം വിട്ട് അന്യോന്യം കാമം ജ്വലിപ്പിച്ച് ആണോട് ആൺ അവലക്ഷണമായത് പ്രവർത്തിച്ചു’’. റോമർ 1:26-27.

കള്ളപ്രവാചകനായ മത്തായിക്കുട്ടിയും ഐ.പി.സിയിലെ പാസ്റ്ററായ ബിജൂ ഐസക്കും പ്രകൃതിവിരുദ്ധ പാപം ചെയ്തു എന്ന് ഡിഫെൻഡറിൽ എഴുതിയപ്പോൾ നെറ്റി ചുളിച്ച വിശുദ്ധൻമാർ ഈ ഭാഗം ബൈബിളിൽ വായിച്ചിട്ടുണ്ടോ ആവോ? പൗലോസ് പറഞ്ഞാൽ പുണ്യം, ഡിഫെൻഡർ പറഞ്ഞാൽ പാപം.

കെ.സി.ജോൺ അമ്മായിയമ്മയുമായി അവിഹിത ബന്ധം പുലർത്തി എന്നും ശാരോനിലെ സി.വി.ജോൺ സ്വന്തം മകളെ ഭാര്യയായി വെച്ചിരിക്കുന്നു എന്നും ഡിഫെൻഡർ പറഞ്ഞപ്പോൾ ഡിഫെൻഡർ അശ്ലീലം പറഞ്ഞു എന്നു വിധിച്ചവർ ‘‘ഒരുത്തൻ തന്റെ അപ്പന്റെ ഭാര്യയെ വെച്ചുകൊണ്ടിരിക്കുന്നു’’ എന്നു പൗലോസ് എഴുതിയത് വായിച്ചിട്ടില്ലേ? വ്യഭിചാരികളായ ടി.എസ്.ഏബ്രഹാം, കെ.സി. ജോൺ തുടങ്ങിയവരെ നീചൻമാർ എന്ന് ഡിഫെൻഡർ വിളിച്ചത് മഹാപാപമായിപ്പോയി എന്നു പറയുന്നവർ അപ്പന്റെ ഭാര്യയെ വെച്ചുകൊണ്ടിരുന്നവനെ ദുഷ്ടൻ എന്ന് പൗലോസ് വിളിച്ചതിൽ തെറ്റു കാണുന്നില്ല.

‘‘പിശാചിന്റെ മകനേ’’ എന്ന് പൗലോസ് ഒരു കള്ളപ്രവാചകനെ വിളിച്ചത് പുണ്യപ്രവൃത്തി. പെന്തക്കോസ്തിലെ കള്ളപ്രവാചകൻമാരെ ഡിഫെൻഡർ ഇങ്ങനെ വിളിച്ചാൽ അക്ഷന്തവ്യമായ പാപം. പൗലോസ് പത്രോസിനെ വിമർശിച്ചാൽ കുഴപ്പമില്ല. പെന്തക്കോസ്ത് സംഘടനകളുടെ നേതാക്കൻമാരെ ആരെങ്കിലും വിമർശിച്ചാൽ കൊടിയ പാപം. ‘‘എന്റെ അഭിഷിക്തനെ തൊടരുത്’’ എന്നു പറഞ്ഞ് അലറും. പിൻമാറ്റക്കാരെ പട്ടിയെന്നും പന്നിയെന്നും ഒക്കെ പത്രോസ് വിളിച്ചാൽ കുഴപ്പമില്ല. പക്ഷേ ഡിഫെൻഡർ ഇത്തരം വാക്കുകളൊന്നും ഉപയോഗിക്കരുത്.

കർത്താവായ യേശുക്രിസ്തു ഏതുതരം വാക്കുകളാണ് ഉപയോഗിച്ചത്? ദൈവത്തെ അറിയാത്തവരോട് വളരെ നല്ല ഭാഷയിൽ സംസാരിച്ചു. പക്ഷേ കള്ളപ്രവാചകൻമാരോടും കപട ഭക്തരോടും നിശിതമായ ഭാഷയിൽ പ്രതികരിച്ചു. സർപ്പസന്തതി, വെള്ളയടിച്ച ചുവര്, കുറുക്കൻ തുടങ്ങി പല വാക്കുകളും കർത്താവായ യേശുക്രിസ്തു ഉപയോഗിച്ചു. ദൈവാലയം ശുദ്ധീകരിക്കാനായി ചാട്ടയെടുത്തു. യേശു സൗമ്യനായിരുന്നെങ്കിലും ഇത്തരം സന്ദർഭങ്ങളിൽ ആ സൗമ്യത കാണുന്നില്ല.

ഡിഫെൻഡർ വീട്ടിൽ കയറ്റാൻ കൊള്ളാത്ത പത്രമാണ്. കുടുംബമായി ഇരുന്ന് ഈ പത്രം വായിക്കാൻ പറ്റുമോ? ഡിഫെൻഡറിന്റെ പിന്നിൽ സാത്താനാണ്. അങ്ങനെ വിമർശനങ്ങൾ ഒട്ടേറെ. ഈ ലക്കം ഡിഫെൻഡർ അശ്ലീലത്തിന്റെ സകല അതിരും ഭേദിച്ചിരിക്കുന്നു എന്നു പറയാനും ആളുണ്ടാകും. ഈ കപട ധാർമ്മിക വാദികളുടെ പ്രതികരണങ്ങൾക്ക് ഡിഫെൻഡർ ഒരു വിലയും കല്പിക്കുന്നില്ല. ഡിഫെൻഡർ വില കല്പിക്കുന്നത് തിരുവചനാനുസൃതമുള്ള ധാർമ്മികതയ്ക്കാണ്.

ടി.എസ്.ഏബ്രഹാം കൊച്ചുമോളുടെ പ്രായമുള്ള പെൺകുട്ടികളെ വ്യഭിചരിക്കുന്നത് പുണ്യം. ഇതിനെതിരെ ഡിഫെൻഡർ പ്രതികരിക്കുന്നത് പാപം. കെ.സി.ജോൺ ലോകമെമ്പാടും സഞ്ചരിച്ച് വ്യഭിചരിക്കുന്നത് തെറ്റല്ല. പക്ഷേ ഡിഫെൻഡർ ഇതിനെതിരെ എഴുതിയാൽ മഹാപാപമായി. വൽസൻ ഐ.പി.സിയുടെ സ്വത്തുക്കൾ മോഷ്ടിക്കുന്നത് പുണ്യകർമ്മം. ഡിഫെൻഡർ വൽസനെ കള്ളനെന്നു വിളിച്ചാൽ അധമപാതാളത്തിൽ പോകും.

ഡിഫെൻഡറിന്റെ ഭാഷ മോശമാണത്രേ. അത് ആത്മീയർക്ക് യോജിച്ച ഭാഷയല്ലത്രേ. എന്താണ് ആത്മീയഭാഷ? സർപ്പസന്തതി, വെള്ളയടിച്ച ചുവര് എന്നൊക്കെ കപടഭക്തരെ വിളിക്കുന്നത് ആത്മീയർക്ക് യോജിച്ചതാണോ? അല്ലെങ്കിൽ കർത്താവായ യേശുക്രിസ്തു ആത്മീയനല്ല. ‘‘പിശാചിന്റെ മകനേ’’ എന്നു വിളിക്കുന്നത് ആത്മീയർക്ക് യോജിച്ചതാണോ? അല്ലെങ്കിൽ പൗലോസ് പാപം ചെയ്തിരിക്കുന്നു. പിൻമാറ്റക്കാരെ പട്ടി, പന്നി എന്നൊക്കെ വിളിക്കുന്നത് പാപമാണോ? ആണെങ്കിൽ പത്രോസ് ആ പാപം ചെയ്തു. എന്താണ് ഈ പറഞ്ഞു വരുന്നതിന്റെ അർത്ഥം? പറയാം: അശ്ലീലത്തിനും ചീത്തയ്ക്കും മറ്റും നാം കൊടുക്കുന്ന അർത്ഥമല്ല ബൈബിൾ കൊടുക്കുന്നത്. നമ്മുടെ ഇഷ്ടം പോലെ ബൈബിൾ വ്യാഖ്യാനിക്കുകയല്ല മറിച്ച് ബൈബിളിന്റെ ചട്ടക്കൂടിൽ നിന്നുകൊണ്ട് നമ്മുടെ വ്യാഖ്യാനം ക്രമീകരിക്കയാണ് വേണ്ടത്.

ഡിഫെൻഡർ മറ്റു പത്രങ്ങളിൽ നിന്നും വ്യത്യസ്ഥമാണെന്നത് ശരിതന്നെ. ഡിഫെൻഡറിനു തുല്യം ഡിഫെൻഡർ മാത്രം. കൺവെൻഷൻ വാർത്തയും നേതാക്കൻമാരുടെ വീര്യപ്രവൃത്തികളും കൊണ്ട് പേജുകൾ നിറയ്ക്കുന്ന പരിപാടി ഡിഫെൻഡറിനില്ല. അപ്രിയ സത്യങ്ങൾ തുറന്നു പറയാൻ ഡിഫെൻഡറിന് ഭയമോ ശങ്കയോ ഇല്ല. എത്ര വലിയ നേതാവ് തെറ്റു ചെയ്താലും അത് തുറന്നു പറയാനും അതിനെതിരെ പ്രതികരിക്കാനും ഡിഫെൻഡറിന് മടിയില്ല. സത്യം പറയുന്നതുമൂലം ആരൊക്കെ ശത്രുക്കളായാലും വേണ്ടില്ല.

ഇങ്ങനെയൊക്കെ എഴുതുന്നത് പത്രപ്രവർത്തനമല്ലെന്നും പത്രധർമ്മമല്ലെന്നും മറ്റും പുലമ്പുന്നവർ ശ്രദ്ധിക്കുക: നിങ്ങൾക്ക് പത്രപ്രവർത്തനത്തേപ്പറ്റി ഒരു ചുക്കും അറിഞ്ഞുകൂടാ. അതുകൊണ്ടാണ് നിങ്ങൾ ഇങ്ങനെയൊക്കെ പറയുന്നത്. ഇന്ത്യയിലെ ആദ്യത്തെ പത്രമായ ബംഗാൾ ഗസറ്റിനേക്കുറിച്ച് കേട്ടിട്ടുണ്ടോ? പത്രപ്രവർത്തനത്തിന്റെ പ്രതീകമായ സ്വദേശാഭിമാനി രാമകൃഷ്ണപിള്ള എന്താണ് ചെയ്തതെന്ന് നിങ്ങൾക്ക് അറിയാമോ? പത്രപ്രവർത്തനത്തിന്റെ ആദ്യാക്ഷരങ്ങളെങ്കിലും നിങ്ങൾ പഠിച്ചിട്ടുണ്ടോ?

ഡിഫെൻഡർ വീട്ടിൽ കയറ്റാൻ കൊള്ളില്ല എന്നു പറയുന്നവർ മനോരമയും മാതൃഭൂമിയും മറ്റും മുറ്റത്തിരുന്ന് വായിച്ചിട്ട് കത്തിച്ചു കളയുകയാണോ ചെയ്യുന്നത്? കൊള്ളയും കൊലയും പെൺവാണിഭവും ബലാൽസംഗവും ഒക്കെയല്ലേ പത്രങ്ങളിലെ പ്രധാന വിഭവങ്ങൾ? ഇതിന്റെയൊക്കെ വിശദാംശങ്ങൾ വീട്ടിലിരുന്നു വായിക്കാൻ നിങ്ങൾക്ക് മടിയില്ല. പക്ഷേ ഡിഫെൻഡർ കുളത്തൂപ്പുഴ സംഭവത്തേക്കുറിച്ചെഴുതിയപ്പോൾ ഡിഫെൻഡർ വീട്ടിൽ കയറ്റാൻ കൊള്ളാത്തതായി.

പെന്തക്കോസ്തുകാർ ഒരു മായാലോകത്തിലാണ് ജീവിക്കുന്നത്. അവിടെ അവർ അശ്ലീലത്തിന് പുതിയ വ്യാഖ്യാനങ്ങൾ കൊടുത്തിട്ടുണ്ട്. നേതാക്കൻമാർക്ക് തെറ്റു പറ്റുകയില്ലെന്നും തെറ്റു പറ്റിയാൽ ചോദ്യം ചെയ്യാൻ ആർക്കും അധികാരമില്ലെന്നുമാണ് പെന്തക്കോസ്തുകാരുടെ നിലപാട്. നേതാക്കൻമാർ പാപം ചെയ്താൽ അവരോട് ദൈവം ചോദിക്കട്ടെ എന്ന് അവർ പറയുന്നു. പക്ഷേ നേതാക്കൻമാർക്കെതിരെ ഡിഫെൻഡർ എഴുതിയാൽ ദൈവമല്ല പെന്തക്കോസ്തുകാർ തന്നെ ചോദിക്കയും ചെയ്യും.

എന്തുകൊണ്ടാണ് പെന്തക്കോസ്തുകാർ ഡിഫെൻഡറിനെതിരെ ചന്ദ്രഹാസമിളക്കുന്നത്? പറയാം: കത്തോലിക്കാസഭ, ഓർത്തഡോക്സ് സഭ, മാർത്തോമ്മാ സഭ തുടങ്ങിയവപോലെ പെന്തക്കോസ്ത് സഭയും ഒരു സമുദായമായി ഇവർ കണക്കാക്കുന്നു. പെന്തക്കോസ്ത് സഭയാണ് ദൈവസഭ എന്നും ഇവർ കരുതുന്നു. പെന്തക്കോസ്തിന് അപമാനമുണ്ടായാൽ തങ്ങൾക്ക് അപമാനം ഉണ്ടാകുന്നു എന്നാണ് ഇവരുടെ വ്യാഖ്യാനം.

പെന്തക്കോസ്ത് സഭ എന്നൊരു സഭയില്ല. പെന്തക്കോസ്തിൽ ചേർന്നതുകൊണ്ട് ആരും നിത്യജീവൻ പ്രാപിക്കുകയുമില്ല. കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുക, പാപങ്ങൾ ഏറ്റു പറഞ്ഞ് ശുദ്ധീകരണം പ്രാപിക്കുക, ദൈവ വചനപ്രകാരം സ്നാനമേൽക്കുക, പരിശുദ്ധാത്മ സ്നാനം പ്രാപിക്കുക, ദൈവമക്കളുമായി കൂട്ടായ്മ ആചരിക്കുക തുടങ്ങിയവയാണ് ദൈവമക്കൾ ചെയ്യേണ്ടത്. ടി.എസ്.ഏബ്രഹാം, കെ.സി.ജോൺ തുടങ്ങിയ കള്ളൻമാർ എന്തു ചെയ്താലും ദൈവമക്കൾക്ക് ഒന്നുമില്ല. ഇവർ ചില സംഘടനകളുടെ നേതാക്കൻമാരാണെങ്കിലും ദൈവസഭയുടെ ഭാഗമല്ല. ആത്മീയരുടെ വേഷത്തിൽ നടന്ന് സാധുക്കളെ വഞ്ചിക്കുന്ന കള്ളൻമാരാണിവർ. ഇവരെ വിമർശിച്ചാൽ ദൈവം കോപിക്കുകയില്ല. ധാർമ്മികതയ്ക്കും അശ്ലീലത്തിനും പാപത്തിനും മറ്റും ദൈവവചനം മാത്രം മാനദണ്ഡമാക്കുക.

RNI No. 68089 / 97
2006 September 1

THE DEFENDER

REGISTERED
KL/ALY/0031/2006-08

# അച്ചൻകുഞ്ഞിനോട് ഡിഫെൻഡർ എന്തുകൊണ്ട് വിയോജിക്കുന്നു?

ബിലെയാമിന്റെ ഉപദേശം എന്ന് കേട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ വെളി. 2:14 വായിക്കുക. ''യിസ്രായേൽ മക്കൾ വിഗ്രഹാർപ്പിതം തിന്നേണ്ടതിനും ദുർന്നടപ്പ് ആചരിക്കേണ്ടതിനും അവരുടെ മുൻപിൽ ഇടർച്ച വെയ്ക്കുവാൻ ബാലാക്കിന് ഉപദേശിച്ചുകൊടുത്ത ബിലെയാമിന്റെ ഉപദേശം പിടിച്ചിരിക്കുന്നവർ അവിടെ നിനക്കുണ്ട്'' എന്നത്രേ കർത്താവ് പെർഗ്ഗമോസ് സഭയോട് പറയുന്നത്. ബിലെയാമിന്റെ മറ്റൊരു പതിപ്പാണ് അച്ചൻകുഞ്ഞ് ഇലന്തൂർ. അതുകൊണ്ടാണ് ഡിഫെൻഡർ അച്ചൻകുഞ്ഞിനെ എതിർക്കുന്നത്.

ബിലെയാം എന്താണ് ചെയ്തത്? അത് അറിയണമെങ്കിൽ സംഖ്യ പുസ്തകം 22-24 വായിക്കുക. യിസ്രായേൽ ജനം മൊവാബ് സമഭൂമിയിൽ പാളയമിറങ്ങിയിരിക്കുന്ന സമയത്താണ് ഈ സംഭവം നടക്കുന്നത്. യുദ്ധം ചെയ്ത് യിസ്രായേലിനെ തോല്പിക്കുവാൻ പറ്റില്ല എന്ന് മൊവാബ് രാജാവായ ബാലാക് മനസ്സിലാക്കി. അതുകൊണ്ട് മന്ത്രവാദത്തിലൂടെ കാര്യം നേടാനായി അവന്റെ ശ്രമം.

മന്ത്രവാദത്തിലും മറ്റും നിപുണനായ ബിലെയാമിനെ വിളിച്ചുകൊണ്ടു വന്ന് മന്ത്രവാദം ചെയ്യിക്കാനാണ് രാജാവ് തീരുമാനിച്ചത്. പക്ഷേ യിസ്രായേൽ ജനത്തിനെതിരെ മന്ത്രവാദം ചെയ്യരുതെന്ന് ദൈവം കല്പിച്ചതുകൊണ്ട് ബിലെയാം പോയില്ല. എന്നാൽ രാജാവ് വീണ്ടും നിർബ്ബന്ധിക്കുകയും വലിയ തുക പ്രതിഫലമായി നൽകാമെന്ന് പറയുകയും ചെയ്തപ്പോൾ ബിലെയാം യിസ്രായേലിനെ ശപിക്കാൻപോയി. പലവട്ടം മന്ത്രവാദം ചെയ്യുകയും യിസ്രായേലിനെ ശപിക്കാൻ ശ്രമിക്കുകയും ചെയ്തെങ്കിലും ബിലെയാമിനെ ദൈവം തടഞ്ഞു. അങ്ങനെ ശാപത്തിനു പകരം അനുഗ്രഹമാണ് ബിലെയാമിന്റെ വായിൽ നിന്നും പുറത്തു വന്നത്.

യിസ്രായേലിനെ ശപിക്കുക എന്നത് നടപ്പിലാകാത്ത കാര്യമാണെന്ന് ബിലെയാമിന് മനസ്സിലായി. അതിന്റെ കാരണവും ബിലെയാം കണ്ടെത്തി. ''ഇതാ തനിച്ചു പാർക്കുന്നൊരു ജനം, ജാതികളുടെ കൂട്ടത്തിൽ എണ്ണപ്പെടുന്നതുമില്ല''. സംഖ്യ 23: 9.

ദൈവജനത്തിന് എന്നുമുള്ള ഒരു പ്രത്യേകതയായിരുന്നു ഈ വേർപാട്. ദൈവമക്കൾ ഒരിക്കലും അവിശ്വാസികളോട് ഇണയില്ലാപ്പിണ കൂടുകയില്ല. പുതിയനിയമത്തിലെ നിലപാടും ഇതുതന്നെ. 2 കൊരി. 6:14. അവിശ്വാസികളുമായി ദൈവമക്കൾക്ക് കൂട്ട് കൂടാം. പക്ഷേ കൂട്ടായ്മ പറ്റില്ല. മറ്റൊരു അർത്ഥത്തിൽ പറഞ്ഞാൽ ഭൗതിക ബന്ധം ആകാം. ആത്മീയ ബന്ധം പാടില്ല. ആത്മീയതയെ ബാധിക്കുന്ന ബന്ധങ്ങളും പാടില്ല. വിശ്വാസികൾ അവിശ്വാസികളുമായി ഇണയില്ലാപ്പിണ കൂടിയാൽ ദൈവമക്കളുടെ ആത്മീയ ബലം നശിച്ചുപോകും.

ഈ വസ്തുത ബിലയാമിന് അറിയാമായിരുന്നു. അതുകൊണ്ട് യിസ്രായേലിനെ നശിപ്പിക്കുവാൻ ബിലെയാം ബാലാക്കിന് ഒരു മാർഗ്ഗം ഉപദേശിച്ചുകൊടുത്തു. മൊവാബ്യ സ്ത്രീകളെ അയച്ച് യിസ്രായേല്യരെ വശീകരിക്കുക. തുടർന്ന് എന്തു നടന്നു എന്ന് സംഖ്യ 25ൽ വായിക്കുക. യിസ്രായേൽ ജനം മൊവാബ്യ സ്ത്രീകളുമായി അവിഹിത ബന്ധത്തിലായി. ഈ സ്ത്രീകളുടെ വശീകരണത്തിൽ അകപ്പെട്ട യിസ്രായേല്യർ മൊവാബ്യ ദൈവങ്ങളെ നമസ്ക്കരിക്കുകയും വിഗ്രഹാർപ്പിതം തിന്നുകയും ചെയ്തു. അത് ദൈവകോപത്തിന് കാരണമായി. ഒരു യിസ്രായേല്യൻ മോശെയും സർവ്വ ജനവും കാൺകെ ഒരു മൊവാബ്യ സ്ത്രീയുമായി തന്റെ കൂടാരത്തിലേക്കു പോകുന്നതു കണ്ടപ്പോൾ ഫീനേഹാസ് പുരോഹിതന് സഹിച്ചില്ല. അദ്ദേഹം ഒരു കുന്തത്തിൽ രണ്ടുപേരേയും കോർത്തു. അതോടെ ദൈവകോപം ശമിച്ചു.

പെന്തക്കോസ്ത് വിശ്വാസത്തിന്റെ മുഖമുദ്രയായിരുന്നു വേർപാട്. അവിശ്വാസികളുമായി ഒരു വിധത്തിലുള്ള ആത്മീയ ബന്ധവും പെന്തക്കോസ്തുകാർക്ക് ഇല്ലായിരുന്നു. എന്നാൽ ഇന്ന് അതല്ല സ്ഥിതി. പെന്തക്കോസ്ത് കൺവെൻഷനുകൾ ഉദ്ഘാടനം ചെയ്യുന്നത് രാഷ്ട്രീയക്കാരാണ്. സമുദായങ്ങളിലെ തിരുമേനിമാരുമായി വേദി പങ്കിടാനും കൈകോർത്തു നിന്ന് ബൈന്റ് അസ് ടുഗതർ പാടാനും പെന്തക്കോസ്ത് നേതാക്കൻമാർക്ക് ശങ്കയില്ല. ഐ.പി.സിയുടെ കൗൺസിൽ അംഗമായ അച്ചൻകുഞ്ഞിന്റെ ഓഫീസിൽ മദർ തെരേസയുടെ രണ്ടു ചിത്രങ്ങൾ വെച്ചിരിക്കുന്നു. ക്രിസ്തുമസ്സ് എന്നത് ജാതീയ ദേവന്റെ ജൻമോത്സവമാണെന്ന വസ്തുത അംഗീകരിക്കുന്ന പെന്തക്കോസ്തുകാർ ഇന്ന് വിരളമാണ്. ക്രിസ്തുമസ്സ് കാർഡ് കൊടുക്കാനും ക്രിസ്തുമസ്സ് ആഘോഷിക്കാനും പെന്തക്കോസ്തുകാർ തയ്യാർ. വിശ്വാസസ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട് തുടങ്ങിയ വിഷയങ്ങളേക്കുറിച്ച് കൺവെൻഷൻ സ്റ്റേജുകളിൽ ഏറെ പ്രസംഗങ്ങളൊന്നും നടക്കുന്നില്ല. രക്ഷ എന്നാൽ എന്തെന്നുപോലും അറിയാത്തവർ ഉണ്ടാക്കിയ ആൽബങ്ങൾ ചാനലിൽ പ്രദർശിപ്പിക്കാൻ ഐ.പി.സിയുടെ പ്രസിഡന്റായ കെ.സി.ജോണിന് ശങ്കയില്ല. അങ്ങനെ പറയാൻ ഒട്ടേറെയുണ്ട്.

ബിലെയാമിന്റെ ഉപദേശം പ്രചരിപ്പിച്ച് പെന്തക്കോസ്തുകാരെ ഇങ്ങനെ ഇണയില്ലാപ്പിണ കൂട്ടിയതിന്റെ പൂർണ്ണ ഉത്തരവാദി അച്ചൻകുഞ്ഞാണെന്നു പറയുന്നില്ല. പക്ഷേ ഈ മഹാപാപത്തിന്റെ പകുതി ഭാരമെങ്കിലും അച്ചൻകുഞ്ഞിന്റെ തലയിലാണെന്ന വസ്തുത നിഷേധിക്കാനുമാവില്ല. ദൈവമക്കളെ സമുദായത്തിന്റെ നുകത്തിൻ കീഴിലാക്കാൻ സാത്താൻ അച്ചൻകുഞ്ഞിനെ കരുവാക്കുകയാണ്. ഇതിനെതിരെ പ്രതികരിക്കാതിരിക്കാൻ പറ്റില്ല.

# അച്ചൻകുഞ്ഞ് വൈദ്യൻ സ്വയം ചികിത്സിക്കുക

''വൈദ്യാ, നിന്നേത്തന്നെ സൗഖ്യമാക്കുക'' എന്നൊരു പഴഞ്ചൊല്ലിനേക്കുറിച്ച് ബൈബിളിൽ പരാമർശമുണ്ട്. മരുപ്പച്ചയുടെ ആഗസ്റ്റ് 20 ലക്കത്തിൽ അച്ചൻകുഞ്ഞ് എഴുതിയ എഡിറ്റോറിയൽ വായിച്ചപ്പോൾ ഈ പഴഞ്ചൊല്ലാണ് ഓർമ്മ വന്നത്.

കത്തോലിക്കാ-എപ്പിസ്ക്കോപ്പൽ സഭകൾക്ക് അച്ചൻകുഞ്ഞ് ഉപദേശം കൊടുക്കുകയാണ്:

''കത്തോലിക്കാ എപ്പിസ്ക്കോപ്പൽ സഭകളിൽ നിന്നും പെന്തക്കോസ്തിലേക്കുള്ള ഒഴുക്ക് തടയാനുള്ള ഏക പോംവഴി പരമ്പരാഗത സഭകൾ അപ്പൊസ്തലികാനുഭവങ്ങളിലേക്ക് മടങ്ങുകയാണ്''.

എത്ര നല്ല ഉപദേശം എന്ന് ആരും പറഞ്ഞുപോകും. പക്ഷേ പെന്തക്കോസ്തുകാരേയും സമുദായക്കാരേയും ഒന്നുപോലെ വിഡ്ഢികളാക്കുകയാണ് അച്ചൻകുഞ്ഞ് ചെയ്യുന്നത് എന്ന വസ്തുത എത്ര പേർക്കറിയാം?

പെന്തക്കോസ്ത് സഭകളെ സമുദായങ്ങൾക്ക് അടിയറ വെയ്ക്കുക എന്ന സാത്താന്യ പദ്ധതി പ്രാവർത്തികമാക്കുന്ന പെന്തക്കോസ്തുകാരിൽ പ്രമുഖനാണ് അച്ചൻകുഞ്ഞ്. പക്ഷേ പെന്തക്കോസ്തുകാരുടെ അപ്പോസ്തലൻ എന്ന ഭാവത്തിലാണ് അച്ചൻകുഞ്ഞ് എപ്പോഴും പെരുമാറുക. പെന്തക്കോസ്തുകാരുടെ പ്രീതി നേടാനായി സമുദായങ്ങളെ വിമർശിക്കാനും അച്ചൻകുഞ്ഞ് തയ്യാർ. ഈ എഡിറ്റോറിയലും അത്തരത്തിലുള്ള ഒന്നാണ്.

അച്ചൻകുഞ്ഞ് പറയുന്നു: ''പുണ്യവാളൻമാരും നേർച്ചകാഴ്ചകളും മദ്ധ്യസ്ഥൻമാരും ഇല്ലാത്ത സമൂഹം, മരിച്ചവരോടോ മരിച്ചവർക്കു വേണ്ടിയോ പ്രാർത്ഥിക്കാത്തവർ, അൾത്താരയിലെ പുരോഹിതനുപകരം യേശുക്രിസ്തു ഏക മദ്ധ്യസ്ഥൻ. പ്രാർത്ഥന, ആത്മീയ ഗാനങ്ങൾ, വചനധ്യാനം, കൃപാവരങ്ങൾ, ഇതൊക്കെയല്ലേ ആരാധനാലയങ്ങളിൽ കാണേണ്ടതി''. എത്ര ശരി. പക്ഷേ ഇതൊക്കെ പറഞ്ഞ് അച്ചൻകുഞ്ഞ് എല്ലാവരേയും മണ്ടൻമാരാക്കുകയാണ്.

യേശുക്രിസ്തുവിനെ രക്ഷിതാവും കർത്താവും ആയി അംഗീകരിച്ച്, വീണ്ടും ജനനം പ്രാപിക്കുമ്പോഴാണ് ഒരാൾ ക്രിസ്ത്യാനിയാകുന്നത്. ഈ അനുഭവം പ്രാപിച്ചവരെ ''രക്ഷിക്കപ്പെട്ടവർ'' എന്നു വിളിക്കുന്നു. ഇത്തരം ഒരു ഉപദേശം കത്തോലിക്കാ-എപ്പിസ്ക്കോപ്പൽ സഭകളിലില്ല. രക്ഷിക്കപ്പെട്ടവരുടെ പ്രാദേശിക കൂട്ടായ്മയാണ് പ്രാദേശിക സഭ. അതുകൊണ്ട് സമുദായക്കാരുടെ പള്ളികളെ പ്രാദേശിക സഭകളായി കണക്കാക്കാൻ പറ്റില്ല. ദൈവസഭയിലുള്ള അനുഭവങ്ങളാണ് പ്രാർത്ഥന, ആത്മീയ ഗാനങ്ങൾ, വചനധ്യാനം, കൃപാവരങ്ങൾ തുടങ്ങിയതൊക്കെ. ഇത് രക്ഷിക്കപ്പെടാത്ത സമുദായക്കാരുടെ പള്ളികളിൽ ഉണ്ടാകുന്നതെങ്ങനെ? ഇവയൊക്കെ കൃത്രിമമായി ഉണ്ടാക്കാമെന്നു വെച്ചാലും പ്രശ്നം തീരുന്നില്ല. രക്ഷിക്കപ്പെടുക എന്ന പരമ പ്രധാനമായ കാര്യം നടക്കാതെ മറ്റുള്ളതെല്ലാം ചെയ്തതുകൊണ്ട് എന്താണ് പ്രയോജനം?

അച്ചൻകുഞ്ഞിന്റെ വഞ്ചന ഇവിടെയാണ് ഒളിഞ്ഞിരിക്കുന്നത്. രക്ഷയെ സംബന്ധിച്ച് സമുദായങ്ങൾ പഠിപ്പിക്കുന്നത് തെറ്റായ ഉപദേശമാണ്. സമുദായങ്ങളിലെ അംഗങ്ങളെ നിത്യരക്ഷ പ്രാപിക്കാതെ തടയുകയാണ് സാത്താന്റെ ലക്ഷ്യം. അതിന് സമുദായ നേതാക്കളെ സാത്താൻ ഉപയോഗിക്കുന്നു. അച്ചൻകുഞ്ഞും ഇതുതന്നെ ചെയ്യുന്നു.

'പുണ്യവാളൻമാർ, നേർച്ചകാഴ്ചകൾ, മദ്ധ്യസ്ഥൻമാരോടുള്ള പ്രാർത്ഥന, മരിച്ചവർക്കു വേണ്ടിയുള്ള പ്രാർത്ഥന തുടങ്ങിയതൊക്കെ ഒഴിവാക്കിയാൽ സമുദായങ്ങൾ ദൈവസഭയാകുമോ? സമുദായങ്ങളിലെ അംഗങ്ങൾക്ക് നിത്യജീവൻ ലഭിക്കുമോ? അൾത്താരയിൽ പുരോഹിതൻ ഇല്ലാതായാൽ പ്രശ്നം തീരുമോ? ഇല്ലെന്നു വ്യക്തം. രക്ഷയെ സംബന്ധിച്ച് സമുദായങ്ങൾ പഠിപ്പിക്കുന്ന ദുരുപദേശങ്ങൾ ഒഴിവാക്കണം. രക്ഷയേക്കുറിച്ച് ദൈവവചനം എന്തു പഠിപ്പിക്കുന്നു എന്ന് മനസ്സിലാക്കണം. ദൈവവചനപ്രകാരം വീണ്ടും ജനനം പ്രാപിക്കാൻ സമുദായങ്ങളിലെ അംഗങ്ങളെ ഉപദേശിക്കണം. ഇവയൊന്നും കൂടാതെ അപ്പൊസ്തലിക അനുഭവങ്ങൾ പ്രാപിക്കാനാവില്ല.

സമുദായക്കാരെ വിമർശിച്ച് പെന്തക്കോസ്തുകാരുടെ കൈയ്യടി വാങ്ങാൻ ശ്രമിക്കുന്ന അച്ചൻകുഞ്ഞ് സ്വന്തം പ്രസ്ഥാനമായ ഐ.പി.സി ഉൾപ്പെടെയുള്ള പെന്തക്കോസ്ത് സമുദായങ്ങളിലെ വചനവിരുദ്ധമായ നടപടികൾ നീക്കാൻ എന്തെങ്കിലും ചെയ്തിട്ടുണ്ടോ? സമുദായങ്ങളിലെ പൗരോഹിത്യം പോലെതന്നെ ഇന്ന് പെന്തക്കോസ്തിൽ പൗരോഹിത്യമില്ലേ? പാസ്റ്റർമാരെന്നും വിശ്വാസികളെന്നും ഉള്ള വേർതിരിവില്ലേ? സെന്റർ പാസ്റ്റർ എന്ന അത്ഭുതജീവിയേക്കുറിച്ച് ബൈബിളിൽ എവിടെയാണ് പറയുന്നത്? പെന്തക്കോസ്തിൽ ഇന്നു നിലനിൽക്കുന്ന ഓർഡിനേഷന് ബൈബിളിൽ ആധാരമുണ്ടോ? വിവാഹ ശുശ്രൂഷ, ശവസംസ്ക്കാര ശുശ്രൂഷ, ശിശുപ്രതിഷ്ഠ, ഭവനപ്രതിഷ്ഠ തുടങ്ങിയ ശുശ്രൂഷകൾ പുതിയനിയമ സഭയിലെ ഏതെങ്കിലും ശുശ്രൂഷകൻ ചെയ്തതായി ബൈബിളിൽ നിന്നും തെളിയിക്കാമോ? ഐ.പി.സി പോലുള്ള സംഘടനകൾ ആദിമ സഭയിൽ ഉണ്ടായിരുന്നോ?

സമുദായങ്ങൾ ദുരുപദേശങ്ങളുടെ കലവറയാണെന്നത് ശരിതന്നെ. പക്ഷേ പെന്തക്കോസ്ത് പ്രസ്ഥാനവും മേല്പടിതന്നെ. സമുദായങ്ങളെ വിമർശിച്ച് പെന്തക്കോസ്തുകാരുടെ പ്രീതി സമ്പാദിക്കാൻ ശ്രമിക്കുന്ന അച്ചൻകുഞ്ഞ് ആദ്യമായി പെന്തക്കോസ്തിനെ ആദിമസഭയുടെ വിശ്വാസാചാരങ്ങളിലേക്ക് മടക്കികൊണ്ടുവരാൻ ശ്രമിക്കുക. ദൈവവചനവിരുദ്ധമായ ഐ.പി.സിയും മറ്റും പിരിച്ചുവിടുക. പ്രാദേശിക സഭകൾ മാത്രമാണ് ദൈവസഭയെന്ന വസ്തുത അംഗീകരിക്കുക. അച്ചൻകുഞ്ഞ് വൈദ്യൻ ആദ്യം സ്വയം ചികിത്സിക്കുക. സമുദായങ്ങളെ ചികിത്സിക്കുന്നത് പിന്നീടുമതി.




Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan